കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാട്ടൂൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്- 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2 /2065/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
E-mail:doknr.ksad@kerala.gov.in
ഫോൺ: 04972-707698

തീയ്യതി : 01.02.2019

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

മാട്ടൂൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: മാട്ടൂൽ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

----------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാട്ടൂൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ വഴി)

3) കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2 /2065/2018. തീയ്യതി: 01.02.2019

## കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

## വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

## ആമുഖം

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 04-07-2017. മുതൽ 09-10 2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത്വവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ശശികുമാർ എം പി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13 .11.2018. മുതൽ 30.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | 1.ശ്രീ.സത്യാനന്ദൻ സി.വി, ഓഡിറ്റ് ഓഫീസർ |
| | | 2.ശ്രീ.ഗണേശൻ കേളോത്ത് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | 3.ശ്രീ.പ്രമോദ് കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.വി.മുഹമ്മദലി | 01-04-17 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.പി.ശശി | 01-04-17 മുതൽ 28-2-2018 വരെ |
| | ശ്രീ.ശിവദാസൻ .കെ<br>(അസിസ്റ്റന്റ് സെക്രട്ടറി – അധിക ചുമതല) | 01-03-18 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.പി.ശശി | 01-04-17 മുതൽ 28-2-2018 വരെ |
| | ശ്രീ.ശിവദാസൻ .കെ (അസിസ്റ്റന്റ് സെക്രട്ടറി-അധിക ചുമതല ) | 01-03-18 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സലോമി സ്കറിയ പണിക്കർ (താൽക്കാലികം) | 01-04-2017 മുതൽ 13-07-2017 വരെ |
| | ശ്രീമതി. ഷീന.കെ.വി | 14-07-2017 മുതൽ 31-03-2018 വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി.വഹീദ.കെ | 01-04-2017 മുതൽ 31-10-2017 വരെ |
| | ശ്രീമതി.സപ്ന.വി.എസ് | 01-11-2017 മുതൽ 06-11-2017 വരെ |
| | ശ്രീമതി.കവിത.എം. | 07-11-2017 മുതൽ 26-11-2017 വരെ |
| | ശ്രീ.പുഷ്പജൻ.സി.കെ. (കോൺടാക്ട്) | 27-11-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ടി.എം. ഉണ്ണികൃഷ്ണൻ | 01-04-2017 മുതൽ 14-06-2017 വരെ |
| | ശ്രീ.ശിവദാസൻ.കെ | 15-06-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.മുസ്തഫ.എം | 01-04-17 മുതൽ 09-08-2017 വരെ |
| | ശ്രീ.ജിതേഷ്.കെ.പി | 10-08-2017മുതൽ 17-10-2017 വരെ |
| | ശ്രീ.ശിവപ്രസാദ് കപ്ലേരി | 18-10-17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അനൂപ്.സി.ഒ | 01-04-2017മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ജയദീപ്.ബി.പി | 01-04-2017മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.മഞ്ജൂഷ.എൻ | 01-04-2017മുതൽ 31-03-2018 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സരിഗ.പി | 01-04-2017മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പവൈസർ | ശ്രീമതി.ശാലിനി.വി | 01-04-2017മുതൽ 23-08-2017 വരെ |
| | ലത പി | 24-08-2017മുതൽ 17-11-2017 വരെ |
| | ശ്രീമതി.ഉഷ.എം.വി | 18-11-2017മുതൽ 29-11-2017 വരെ |
| | ശ്രീമതി.തരുണി.എസ് | 30-11-2017മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീ.സി.പി.പ്രകാശൻ | 01-04-2017മുതൽ 31-03-2018 വരെ |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.രാജേന്ദ്രൻ.കെ.വി | 01-04-2017മുതൽ 31-03-2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ചകൾ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-12 |
| 13 | സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനാവലോകനം | 1-13 |
| 14 | പൗരാവകാശരേഖ | 1-14 |

| | | |
|---|---|---|
| | ഭാഗം-2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 15 | ഗ്രാമപഞ്ചായത്തിലെ അസ്സസ്സെമെന്റ് രജിസ്റ്ററിലെ വിവരവും ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററിലെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 2-1 |
| 16 | വസ്തുനികുതി -ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിലെ വിവരവുമായി പൊരുത്തപ്പെടുന്നില്ല. | 2-2 |
| 17 | വസ്തുനികുതി -ക്രമവത്ക്കരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 2-3 |
| 18 | ലൈബ്രറി സെസ് യഥാസമയം ഒടുക്കുന്നില്ല. | 2-4 |
| 19 | തൊഴിൽ നികുതി അപാകങ്ങൾ | 2-5 |
| 20 | ഡി ആന്റ് ഒ ലൈസൻസ് അപാകങ്ങൾ | 2-6 |
| 21 | രസീത് ബുക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല. | 2-7 |
| | ഭാഗം 3 | |
| | ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22 | തെക്കുമ്പാട് കടവിൽ ബോട്ട് സർവ്വീസ് – അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തുക 125200 രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 23 | ബിരുദം/ബിരുദാനന്തര/ഡിപ്ലോമ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ ലാപ്പ് ടോപ്പ്(പട്ടികജാതി) -പദ്ധതി നിർദേശം പാലിച്ചില്ല. | 3-2 |
| 24 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് -കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്. | 3-3 |

| | | |
|---|---|---|
| 25 | പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകൽ -മാർഗ്ഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്. | 3-4 |
| 26 | എൽ ഇ ഡി തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.ചെലവ് തുക 297600 രൂപ തടസപ്പെടുത്തുന്നു. | 3-5 |
| 27 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തുക 326493 രൂപ തടസപ്പെടുത്തുന്നു. | 3-6 |
| 28 | വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി - നടപടിക്രമം പാലിച്ചില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| 29 | മാവേലി സ്റ്റോർ വാടക-സർക്കാർ നിർദേശം പാലിച്ചില്ല. – 23360 രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 30 | കറവപശുവിതരണം – അന്തിമഗുണഭോക്തൃപട്ടിക – ഗ്രാമപഞ്ചായത്തിന്റേയും നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 3-9 |
| 31 | കന്നുകുട്ടിപരിപാലനം-ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃപട്ടികയും നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ ഗുണഭോക്തൃപട്ടികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 3-10 |
| 32 | കിടാരി വിതരണം- അന്തിമ ഗുണഭോക്തൃ ലിസ്റ്റും ഗ്രാമ പഞ്ചായത്തിന്റെ അന്തിമ ഗുണഭോക്തൃ ലിസ്റ്റും പൊരുത്തപ്പെടുന്നില്ല. | 3-11 |
| 33 | അംഗീകൃത ക്ലബ്ബുകൾക്കും പഞ്ചായത്തിലെ പ്രൈമറി സ്കൂളുകൾക്കും സ്പോർട്സ് ഉപകരണങ്ങൾ വിതരണം- അപാകങ്ങൾ. | 3-12 |

| | | |
|---|---|---|
| 34 | ഗവ:സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ-ജി എസ് ടി ഇനത്തിൽ അധികം തുക നൽകി. | 3-13 |
| 35 | റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകൽ- ടാർ ബാരൽ വില ഈടാക്കിയില്ല - 44866 രൂപ അധികം നല്കിയത് ഈടാക്കേണ്ടതാണ്. | 3-14 |
| 36 | വാട്ടർ ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല. | 3-15 |
| 37 | മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-16 |
| 38 | പി എം എ വൈ വിഹിതം നൽകൽ(പട്ടികജാതി)-വിനിയോഗവിവരം<br>ഹാജരാക്കേണ്ടതാണ്. | 3-17 |
| 39 | പെയിൻ&പാലിയേറ്റീവ് പരിചരണം-കാര്യക്ഷമമായി പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-18 |
| 40 | സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ-പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 3-19 |
| 41 | അംബേദ്ക്കർ കമ്മ്യൂണിറ്റി ഹാളിന് വാങ്ങി നൽകിയ ഫർണിച്ചറുകളും മൈക്ക് സെറ്റും ഉപയോഗിക്കുന്നില്ല. | 3-20 |
| 42 | റിംഗ് കമ്പോസ്റ്റ് പദ്ധതി-അപാകങ്ങൾ | 3-21 |
| 43 | മത്സ്യബന്ധനമേഖലയിൽ പദ്ധതി നടത്തിപ്പ് ഫലപ്രദമല്ല. | 3-22 |
| 44 | ബിറ്റുമിൻ വാങ്ങിനൽകൽ - കരാറുകാരിൽ നിന്നും വാരിയേഷൻ കോസ്റ്റ് ഈടാക്കിയതിൽ കുറവ് , 29081 രൂപയുടെ നഷ്ടം | 3-23 |

| | | |
|---|---|---|
| 45 | പദ്ധതി മാർഗ്ഗ രേഖയുടെ ലംഘനം- റോഡ് നിർമ്മാണ പ്രവൃത്തികളുടെ മൺപണി , മെറ്റലിംഗ് തൊഴിലുറപ്പ് ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല | 3-24 |
| 46 | അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം | 3-25 |
| | ഭാഗം 4 | |
| | പൊതു വിവങ്ങളും ഓഡിറ്റ് പ്രത്യവലോകനം | |
| 47 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 48 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 49 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 50 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 51 | സ്ഥിര നിക്ഷേപം | 4-5 |
| 52 | ഓഡിറ്റ് റിക്കവറി | 4-6 |
| 53 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 54 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 56 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 57 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 58 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 59 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 60 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25-3-2017 ലെ തീരുമാനം നമ്പർ 35/2017 പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് തുകകൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 4909881 |
| വരവ് | 94963119 |
| ആകെ | 99873000 |
| ചെലവ് | 94016000 |
| നീക്കിയിരിപ്പ് | 5857000 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് .എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കാൻ നടപടിയെടുക്കേണ്ടതാണ്. പാസാക്കിയ ബജറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുക്കണമെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2018 | 13-06-2018 | തിരിച്ചയച്ചിട്ടില്ല |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 04-07-2018 , | കെ.എസ്.എ/കെ.എൻ.ആർ/ |

| | | |
|---|---|---|
| | 05-07-2018 | സി.2/1355/2018 തീയതി 27-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7592122.40 |
| വരവ് | 56037701.00 |
| ആകെ | 63629823.40 |
| ചെലവ് | 58503907.00 |
| നീക്കിയിരിപ്പ് | 5125916.40 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 11635000 | 11635000 | 9333532 | 2301468 | 80.21 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 2242630 | 2242630 | 1504504 | 738126 | 67 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 2454000 | 2454000 | 2347709 | 106291 | 95.66 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 2926000 | 2926000 | 2053508 | 872492 | 70 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 9602409 | 9602409 | 7753643 | 1848766 | 80.74 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി | | 2769411 | 2769411 | 2520474 | 248937 | 91 |
| ബി-ഫണ്ട് | | 28560200 | 28560200 | 28560200 | 0 | 100 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 696830 | 660938 | 1357768 | 499935 | 857833 | 36.82 |
| എം എൻ ആർ ഇ ജി എസ് | 0 | 2962197 | 2962197 | 2960984.75 | 1212.25 | 99.95 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 0 | 0 | 0 | | |
| ശുചിത്വ മിഷൻ | 0 | 900000 | 900000 | 150000 | 750000 | 16.66 |
| കേരളോത്സവം | 36487 | 20000 | 56487 | 37168 | 19319 | 65.79 |

വികസന ഫണ്ടുകൾ, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് , കെ.എൽ.ജി.എസ്.ഡി.പി തുടങ്ങിയ ലാപ്സാകുന്ന ഫണ്ടുകൾ തൻ വർഷത്തിൽ തന്നെ പൂർണ്ണമായും വിനിയോഗിക്കുന്നതിന് നടപടിയെടുക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 52499907 | 120 | 32295007 | 1 | 56 | 68.18 |

(സുലേഖ ചെലവു സ്റ്റേറ്റ്മെന്റ് അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചവ | ആരംഭിച്ചവ | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 24 | 17 | 70.83 | 7042078 | 4238855 | 60.19 |
| കൃഷി ഓഫീസർ | 4 | 4 | 100 | 2024600 | 1637780 | 80.89 |
| വെറ്റിനറി | 7 | 6 | 86 | 2735000 | 1440226 | 52.25 |
| മെഡിക്കൽ ഓഫീസർ (ആലോപ്പതി) | 1 | 1 | 100 | 450000 | 449220 | 99.83 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 100 | 100000 | 100000 | 100 |
| ആയുർവേദം | 3 | 3 | 100 | 794809 | 776909 | 97.75 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 100 | 720000 | 445000 | 61.81 |
| വി ഇ ഒ | 9 | 5 | 55.55 | 4235000 | 1255000 | 29.63 |
| ഐസിഡിഎസ് സൂപ്പർ വൈസർ | 5 | 5 | 100 | 4300402 | 4037815 | 93.89 |

| | | | | | | |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 98 | 60 | 61.62 | 25659827 | 14512881 | 86.56 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 8 | 66.66 | 2340000 | 1675203 | 71.59 |
| ഹെഡ് മാസ്റ്റർ | 9 | 7 | 77.77 | 2098191 | 1726118 | 82.27 |
| ആകെ | 176 | 120 | 68.18 | 52499907 | 32295007 | 61.51 |

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിൽ ആകെ 3708 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 153 കുടുംബങ്ങൾ എസ്.സി വിഭാഗത്തിലും 3555 മറ്റുള്ളവരും. തൻവർഷത്തെ വരവ് ചെലവ് കണക്ക് ചുവടെ കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0.25 | 310012 | 310012.25 | 308800 | 1212.25 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2653397 | 2653397 | 2653397 | 0 |
| ആകെ | 0.25 | 2963409 | 2963409.25 | 2962197 | 1212.25 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25680 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 690085 | 117 |
| വിധവാപെൻഷൻ | 9688495 | 1138 |
| വാർദ്ധക്യകാലപെൻഷൻ | 15780740 | 1881 |
| വികലാംഗപെൻഷൻ | 2036735 | 324 |

| | | |
|---|---|---|
| 50 വയസിന് മുകളില്ലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 180465 | 21 |
| വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-11-2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14500/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ വീഴ്ചകൾ.

ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ച് ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഉത്തരവ് പ്രകാരം ഓരോ സെക്ഷന്റെയും ജോലി വിശദമായി വിവരിച്ച് നൽകിയിട്ടുണ്ട്. പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. തപാലുകളിൽ സ്വീകരിച്ച തുടർനടപടികളുടെയും തീർപ്പാക്കി യതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. എം ഒ പി ഖണ്ഡിക 154(1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല. എം ഒ പി 154(2) പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ചുവരുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 156, 157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ്, റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 150 പ്രകാരം സൂക്ഷിക്കേണ്ട ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തിക വർഷകാലയളവിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററുകൾ എഴുതിസൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നുവെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.05.2018 | 01-4-18 മുതൽ31-5-2018 വരെ | 12-06-2018 |
| അക്കൗണ്ടന്റ് | ലഭ്യമല്ല | 1997-98മുതൽ | 07-07-2007 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | | 2006-07 വരെ | |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ടതും ഗ്രാമപഞ്ചായത്തിന്റെ മറുപടിക്ക് ശേഷവും നിലനിൽക്കുന്ന അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

1.വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്(I-1 2808642) ,കളക്ഷൻ(RP-43 /2409932), ബാലൻസ് (B-15-0) എന്നിവ പരസ്പരം പൊരുത്തപ്പെടുന്നില്ല.

2.വസ്തുനികുതി- സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ് B-15 2016-17-1187431(452717+734714), കളക്ഷൻ (RP-43-679945/2017-18) ,ബാലൻസ് (B-15-0/17-18) എന്നിവയുമായും പൊരുത്തപ്പെടുന്നില്ല.

3.2017-18 വർഷം വസ്തുനികുതി ഇനത്തിൽ 1351 രൂപ ഇളവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിവരം ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.വസ്തുനികുതി കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ വിവിധ ഷെഡ്യൂളുകളിലെ തുകയുമായും ഗ്രാമപഞ്ചായത്ത് രേഖകളിലെ (സഞ്ചയ) തുകയുമായും പൊരുത്തപ്പെടുന്നില്ല.

5.വസ്തുനികുതി അഡ്വാൻസിലെ മുന്നിരിപ്പ് (ആർ പി 9-16-17) തൻവർഷ വരവ് (ആർ പി 36), തൻവർഷം ക്രമീകരിച്ചത്,തൻവർഷ നീക്കിയിരിപ്പ് (ബി -9- 17-18) എന്നിവ പൊരുത്തപ്പെടുന്നില്ല.

6.ഡി ആന്റ് ഒ ലൈസൻസ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗ്രാമപഞ്ചായത്ത് രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

7.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8.തൊഴിൽ നികുതി ജീവനക്കാരുടെ രജിസ്റ്റർ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9.വാടക രജിസ്റ്റർ അപൂർണ്ണമാണ്. (സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.)

10.ലേലം രജിസ്റ്റർ അപൂർണ്ണമാണ്. (സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.)
11.തൊഴിൽ കുടിശ്ശിക വാർഷിക ഇനത്തിൽ 1800 രൂപ ഐ-18 പ്രകാരം prior period ആയി Additional Demand ഇടുകയും ആർ പി 43 പ്രകാരം വരവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് ആസ്പദമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
12.Development Fund-General വരവ് വാർഷിക ധനകാര്യപത്രിക (ആർ പി -7 -9333532) പ്രകാരവും ഇതേ ഇനത്തിലെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും(9368692) എ സി ആർ പ്രകാരമുള്ള തുകയും (9393692) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

13.എസ് ബി ടി (അക്കൗണ്ട് നമ്പർ -67391124896) വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പുണ്ട് (127171).എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ 31-03-2018 ന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

14.എസ് ബി ടി കറന്റ് അക്കൗണ്ട് വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പായി 1348116

രൂപയുണ്ട്.പ്രസ്തുത അക്കൗണ്ടിന്റെ അനുരഞ്ജനം നടത്തിയിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
15.ബാലൻസ് ഷീറ്റ് ബി-11 ലെ ആസ്തിയിലുള്ള തുകയ്ക്ക് അനുസൃതമായി ആസ്തിരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
16.2016-17 വർഷത്തെ ബാലൻസ് ഷീറ്റ് ബി-11(എ) പ്രകാരം 1238199 രൂപ Capital Works in Progress ഇനത്തിൽ ബാലൻസുണ്ട്. 2017-18 വർഷത്തെ ആസ്തിയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി ആയതിന്റെ വിശദവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

17.താഴെ കൊടുത്ത ഫണ്ട് വരവ് -ഇനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ബന്ധപ്പെട്ട രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് ഇനം | വരവ്(I-6) | ഗ്രാമപഞ്ചായത്ത് രേഖകൾ പ്രകാരം വരവ് |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 15780740 | 15806280 |
| കർഷക തൊഴിലാളി പെൻഷൻ | 690085 | 691570 |
| വിധവാപെൻഷൻ | 9688495 | 9695590 |
| 50 വയസിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 180465 | 180630 |
| വികലാംഗപെൻഷൻ | 2036735 | 2043170 |

18. ബി 9 ഷെഡ്യൂളിലെ റിക്കവറി ജി ഐ എസിൽ രേഖപ്പെടുത്തിയ തുക(4900)യും ഗ്രാമപഞ്ചായത്തിന്റെ രേഖയിലെ തുക(5000)യുമായി പൊരുത്തപ്പെടുന്നില്ല. 100 രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-13 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനാവലോകനം

എ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 ധനകാര്യ വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16 തവണ യോഗം ചേർന്നിട്ടുണ്ട് ധനകാര്യം നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി, അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നിവയാണ് കൈകാര്യം ചെയ്യേണ്ട പ്രധാന വിഷയങ്ങൾ. മേൽ വിഷയങ്ങളിൽ ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റേക്ക് ഹോൾഡേഴ്സ്, ഘടക സ്ഥാപനമേധാവികൾ എന്നിവരിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ ഡിസംബർ 15ന് മുൻപ് ലഭ്യമാക്കിയിട്ടില്ല. ജനുവരി 15ന് മുൻമ്പ് മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ (വികസനം, ക്ഷേമം, ആരോഗ്യവും വിദ്യാഭ്യാസവും) ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. 2017-18 ലെ ബജറ്റ് 25-3-17 ന് പസ്സാക്കിയിട്ടുണ്ട്. പുതിയ റവന്യൂ വരവുകൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും പ്രായോഗിക നടപടികളിലേക്ക് എത്തിയിട്ടില്ല. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ എന്ന വർക്കിംഗ് ഗ്രൂപ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്നു. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള അടിയന്തിര

നടപടിയെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

ബി) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വികസന ആസൂത്രണം, സാമൂഹികാസൂത്രണം, സാമ്പത്തികാസൂത്രണം, സ്പെഷൽ ആസൂത്രണം, മേഖലാടിസ്ഥാനത്തിലുള്ള വികസനാസൂത്രണം എന്നിവ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്. സമയബന്ധിതമായി ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൃഷി അനുബന്ധ മേഖലകളും (പരിസ്ഥിതി ജലസേചനം, മണ്ണ്- ജല സംരക്ഷണം, വനവത്കരണം, മത്സ്യ ബന്ധനം ഉൾപ്പടെ ), മൃഗ സംരക്ഷണവും ക്ഷീര വികസനവും, ചെറുകിട വ്യവസായം, പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പടെ) എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു. 2017-18 വർഷം 13 തവണ യോഗം ചേർന്നിട്ടുണ്ട്. പദ്ധതി നിർവ്വഹണ പ്രക്രിയക്ക് കാര്യക്ഷമമായി മേൽനോട്ടം വഹിക്കുന്നതിനും വികസനഫണ്ട്, സി.എഫ്.സി ഫണ്ട് തുടങ്ങിയ ലാപ്സാകുന്ന ഫണ്ടുകൾ പൂർണ്ണമായും അതത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കുന്നതിനും നടപടിയെടുക്കുന്നത് ഉചിതമായിരിക്കും.

സി) ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

പട്ടിക ജാതി- പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷാപ്രവർത്തനം, ചേരി പരിഷ്കരണം. ദാരിദ്ര്യ നിർമാർജ്ജനം , പൊതു വിതരണ സമ്പ്രദായം എന്നിവയാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ. ബജറ്റ് നിർദ്ദേശങ്ങൾ യഥാസമയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.ക്ഷേമ പെൻഷനുകളുടെ അപേക്ഷകളിന്മേൽ യഥാസമയം തീരുമാനം എടുത്തിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ ക്ഷേമം, പട്ടികജാതി വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽപ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ പൊതുവികസന കാഴ്ചപ്പാടിനനുസൃതമായി ആക്ട് പ്രകാരം നൽകപ്പെട്ട വിഷയങ്ങളിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. 2017-18 വർഷം 14 തവണ യോഗം ചേർന്നിട്ടുണ്ട്.

ഡി)ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി

പൊതുജനാരോഗ്യം, ശുചീകരണം, ശുദ്ധജലവിതരണം (കുടിവെള്ളം), അഴുക്ക്ചാൽ, പരിസ്ഥിതി, കലയും സംസ്കാരവും വിനോദവും, വിദ്യാഭ്യാസം എന്നിവ ഈ സ്റ്റാൻഡിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്. ബജറ്റ് നിർദ്ദേശങ്ങൾ യഥാസമയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ചുമതലപ്പെട്ട മേഖലയിൽ പ്രൊജക്ടുകൾ രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. 2017-18 വർഷം 14 തവണ യോഗം ചേർന്നിട്ടുണ്ട്. കുടിവെള്ളം, ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പടെ) വിദ്യാഭ്യാസം, സംസ്കാരം , കലാകായിക യുവജനക്ഷേമം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു.

## 1-14 പൗരാവകാശരേഖ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 272 എ അനുസരിച്ച് എല്ലാ പഞ്ചായത്തുകളും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം

ചെയ്യുന്നതും അതുപ്രകാരം അവർക്ക് അർഹമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന പത്രികയാണിത്. ഗ്രാമപഞ്ചായത്ത് 2017-18 ൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഗ്രാമപഞ്ചായത്തിലെ അസ്സസ്മെന്റ് രജിസ്റ്ററിലെ വിവരവും ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററിലെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2017-18 വർഷത്തെ വാർഡ് അടിസ്ഥാനത്തിലുള്ള ഡി & ഓ ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിൽ വാണിജ്യാവശ്യത്തിനായി ഡി&ഓ ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററുമായി പരിശോധിച്ചപ്പോൾ ആയത് പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയതായി കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്<br>വാർഡ്/ കെട്ടിട നം | ലൈസൻസിയുടെ പേര് | വാണിജ്യ ഇനം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (/ച.മീ.) | ഡി & ഓ രശീതി നം. | ഈടാക്കിയ നികുതി | ഈടാക്കേണ്ട നിരക്ക് |
|---|---|---|---|---|---|---|---|
| 1 | പള്ളിക്കര അലീമ<br>10<br>192A | പള്ളിക്കര ശുഹൈബ് | അച്ചാർ നിർമ്മാണവും വില്പനയും | 20 | 117030100120/21<br>11.04.18 | (26+2)<br>28 | 30/ച.മീ. |
| 2 | ആനക്കണ്ടി നബീസ<br>2<br>47 | പൂവ്വത്തുച്ചാലിൽ ചന്ദ്രൻ | ചായകച്ചവടം | 90 | 117030100301/ 21-04-17 | (190+10)<br>200 | 30/ച.മീ. |
| 3 | കനക്കന്റ്കണ്ടി സുഹൈബ<br>9<br>108 | ഇട്ടമ്മൽ കുഞ്ഞിമൊയ്തീൻ | റൈസ് മിൽ | 10 | 117030100312/ 24-04-17 | (38+2)<br>40 | 30/ച.മീ. |
| 4 | ചിത്തലെ പുരയിൽ പ്രമോദൻ<br>17<br>152 | സഫീർ പിപി | ബേക്കറി | 16 | 117030100332/<br>24-04-17 | (168 +9)<br>177 | ലഭ്യമല്ല |
| 5 | ചിറമ്മൽ വനജ<br>16 | വലിയപുരയിൽ പീടികയിൽ റഹ്മത്തുള്ള | ഹൈപ്പർ മാർക്കറ്റ് | 84 | 117030100652/ 17-05-17 | 159(151+8) | ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | 146 | | | | | | |

29-11-2018 ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(28/2017-18) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ഉപയോഗക്രമം മാറ്റി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ മുഴുവനായും പരിശോധന നടത്തി ആയത് വാണിജ്യാവശ്യത്തിനായി ഉപയോഗിച്ചുവരുന്ന കാലയളവ് മുഴുവൻ വാണിജ്യാവശ്യത്തിനുള്ള നിരക്കിൽ നികുതി കണക്കാക്കി കുടിശ്ശികയടക്കം ഈടാക്കേണ്ടതാണ്.

## 2-2 <u>വസ്തുനികുതി -ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിലെ വിവരവുമായി പൊരുത്തപ്പെടുന്നില്ല.</u>

ഗ്രാമ പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തനത് നികുതി വരവിനമായ വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാക്കിയ കളക്ഷൻ റിപ്പോർട്ടിലെ സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയ വിവരവുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യപത്രികപ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തൻവർഷ വസ്തുനികുതി

| ഡിമാന്റ് വാർഷിക ധനകാര്യപത്രിക പ്രകാരം<br>I-1 | I-1(a) പ്രകാരം ഇളവ് അനുവദിച്ചത് | ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | കളക്ഷൻ<br>വാർഷിക ധനകാര്യപത്രിക പ്രകാരം<br>RP-43 | ബാലൻസ് ഷീറ്റ് ബി-15 പ്രകാരം |
|---|---|---|---|---|
| 2808642 | 0 | 2953166 | 2409932(1595473+814459) | 0 |

വസ്തുനികുതി കുടിശ്ശിക

| ഡിമാന്റ് വാർഷിക ധനകാര്യപത്രിക പ്രകാരം<br>ബി-15<br>16-17<br>ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | കളക്ഷൻ<br>വാർഷിക ധനകാര്യപത്രിക പ്രകാരം<br>RP-43 | ബാലൻസ് |
|---|---|---|
| 1120097 | 1284309(679945+604364) | 0 |

സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാക്കിയ 2017-18 വസ്തുനികുതി ഇനത്തിലെ കളക്ഷൻ റിപ്പോർട്ടിലെ സംക്ഷിപ്തത്തിലെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

തൻവർഷ വസ്തുനികുതി (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം))

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 2966631 | 2945848 | 20783 |

വസ്തുനികുതി കുടിശ്ശിക (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം))

| കുടിശ്ശികഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 1398575 | 1329209 | 69366 |

നിലവിൽ വസ്തുനികുതി സംബന്ധിച്ച സഞ്ചയസോഫ്റ്റ് വെയർ പ്രകാരം കുടിശ്ശിക ഇനത്തിൽ 69366 രൂപയും തൻവർഷത്തിൽ 20783 രൂപയും പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. പ്രസ്തുത വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാൻ ഡിമാന്റ് രജിസ്റ്റർ (സോഫ്റ്റ് കോപ്പി ) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ തമ്മിൽ യാതൊരു പൊരുത്തവുമില്ലെന്ന് മേൽ പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഇത്തരത്തിൽ അപാകതയുണ്ടാകുവാനുള്ള കാരണം വിശദമാക്കേണ്ടതാണ്.

## 2-3 വസ്തുനികുതി -ക്രമവത്ക്കരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ , ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഫീസ് ഇനത്തിൽ ₹ 79927 ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും , ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസററുകൾ കൃത്യതയോട് കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-4 ലൈബ്രറി സെസ്സ് കൃത്യസമയത്ത് തന്നെ ഒടുക്കേണ്ടതാണ്.

സർക്കുലർ നം.10088/എൽ3/05/തസ്വഭവ. തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും

വ്യക്തമാക്കിയിട്ടുണ്ട്. 2017-18 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് 187788 രൂപ നാളിതുവരെയായി ഒടുക്കിയിട്ടില്ല. ഗവൺമെന്റ് നിർദേശപ്രകാരം കൃത്യസമയത്ത് തന്നെ ലൈബ്രറി സെസ് ഒടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## **2-5** തൊഴിൽ നികുതി അപാകങ്ങൾ

മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

2017-18 സാമ്പത്തിക വർഷത്തെ ഒന്നാം അർദ്ധ വർഷം MRUP സ്കൂൾ മാട്ടൂൽ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺസ് പരിശോധിച്ചപ്പോൾ ശ്രീമതി പ്രേമലത.കെവി, യു.പി.സ്കൂൾ അസിസ്റ്റന്റിന്റെ-ശമ്പള വിവരം സംബന്ധിച്ച പട്ടിക ചുവടെ കൊടുക്കുന്നു..

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരിയുടെ പേര്/ ഉദ്യോഗ പേര്. | അടിസ്ഥാന ശമ്പളം. | ഡി.എ | ആകെ | അർദ്ധ വാർഷിക വരുമാനം. | തൊഴിൽ നികുതി സ്ലാബ് പ്രകാരം ഒടുക്കേണ്ട നികുതി | ഒടുക്കിയത് |
|---|---|---|---|---|---|---|---|
| MRUP സ്കൂൾ മാട്ടൂൽ | ശ്രീമതി.പ്രേമലത.കെവി./ യു.പി.സ്കൂൾ അസിസ്റ്റന്റ്. | ₹ 49200 | ₹6888 (@14%) | ₹56088 | 6x56088= ₹336528 | 1250 | 1000 |

പ്രസ്തുത പട്ടിക പ്രകാരം ശ്രീമതി.പ്രേമലത. കെവി.യു.പി.സ്കൂൾ അസിസ്റ്റന്റിൽ നിന്നും 2017-18-ഒന്നാം അർദ്ധ വർഷം ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി 1250 രൂപയായിരുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/17-18.തീയ്യതി.28.11.18) സ്ഥാപന മേധാവിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നൽകിയ മറുപടിയിൽ പ്രസ്തുത ജീവനക്കാരി 01-06-2017 മുതൽ 30-08-2017 വരെയും 01-09-2017 മുതൽ 29-12-2017 വരെയും ശൂന്യവേതന അവധിയിലാണെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത വിവരം സ്ഥാപന മേലധികാരികൾ സമർപ്പിച്ച റിട്ടേണിൽ രേഖപ്പെടുത്തിയിട്ടില്ല.സ്ഥാപന മേലധികാരികൾ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മപരിശോധന നടത്തുന്നതിലുള്ള വീഴ്ചയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

2.ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ ടേൺ ഓവർ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

1)റേഷൻ കടകൾ.

2)അക്ഷയ കേന്ദ്രങ്ങൾ

3)സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മാട്ടൂൽ നോർത്ത്

പഞ്ചായത്ത് പരിധിയിലുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളിൽ നിന്നും സ്ഥാപന ങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി&ഒ ലൈസൻസ് അപാകങ്ങൾ.

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു

വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ പുതിയ സ്ഥാപനങ്ങൾ സംരംഭം ആരംഭിക്കുന്നതിന് മുമ്പായി ലൈസൻസിനുള്ള അപേക്ഷ പഞ്ചായത്തിൽസമർപ്പിക്കേണ്ടതും സമർപ്പിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തി ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ലൈസൻസ് അനുവദിക്കുന്നത്/നിരാകരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് അപേക്ഷയിലും രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ പ്രകാരം 2017-18വർഷം238അപേക്ഷകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ ബന്ധപ്പെട്ട നിയമപരമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ വേണ്ട ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ല. ഡി & ഒ ലൈസൻസ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ മുഴുവനും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ 2017-18വർഷം ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതു മായി ബന്ധപ്പെട്ട് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 238 അപേക്ഷകളാണ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത് ആയതിൽ ക്രമ നമ്പർ 1 മുതൽ 16 വരെ, 32,33,135,149,151,153,168,182,218,223 പ്രകാരമുള്ള 26 അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അന്വേഷണം നടത്തി തീരുമാനമെടുത്ത അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട പരിശോധന നടത്താൻ സാധിച്ചിട്ടില്ല. അപേക്ഷകൾ പൂർണ്ണമായും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

മാട്ടൂൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വ്യവസായികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പേര് വിവരങ്ങളടങ്ങിയ വാർഡ് തലത്തിൽ തയ്യാറാക്കിയ രജിസ്റ്റർ (ട്രേഡേർസ് ലിസ്റ്റ്) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിൽഎത്ര സ്ഥാപനങ്ങൾപ്രവർത്തിച്ച വരുന്നുണ്ടെന്നുണ്ടെന്നറിയാൻ സാധിക്കുന്നില്ല. മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ് .

3).ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈസൻസെടുക്കാൻ ബാധ്യതപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നില്ല.

ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതു മായി ബന്ധപ്പെട്ട് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവന്നിരുന്ന താഴെപ്പറയുന്ന തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. മുഴുവൻ സ്ഥാപനങ്ങളിൽ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1.റേഷൻ കടകൾ

2.അക്ഷയ കേന്ദ്രങ്ങൾ

3.കള്ള്ഷാപ്പുകൾ.

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ കണ്ടെത്തി

അവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

4. അപേക്ഷകളിൽ അന്വേഷണം നടത്താതെ ലൈസൻസ് ഫീസ് ഈടാക്കുന്നത് ക്രമവിരുദ്ധം

10-1-2013 ലെ 66562/RC3/12/ത.സ്വ ഭ വ നമ്പർ സർക്കുലർ പ്രകാരം ലൈസൻസ് പുതുക്കുന്നതിലേക്കായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിൻമേലും ഹെൽത്ത് ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തി അതു സംബന്ധിച്ച വിവരം പേഴ്സണൽ റജിസ്റ്ററിൽ രേഖപ്പെടുത്തണമെന്ന് എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.എന്നാൽ മാട്ടൂൽ പഞ്ചായത്തിൽ മേൽ ആവശ്യത്തിലേക്കായി സമർപ്പിക്കുന്ന ഭൂരിഭാഗം അപേക്ഷകളിൻമേലും ഇത്തരം അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

2017-18ൽ ലഭിച്ച 238 അപേക്ഷകളിൽ പരിശോധനക്ക് ഹാജരാക്കിയ അപേക്ഷകളിൽ വളരെ ചുരുക്കം എണ്ണത്തിൽ മാത്രമേ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തി കാണുന്നുള്ളൂ. ലൈസൻസ് ഫീസായി ഈടാക്കേണ്ട തുക സംബന്ധിച്ചുള്ള വിവരം മാത്രമാണ് അന്വേഷണ റിപ്പോർട്ടിന്റെ കോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി ചുവടെ പട്ടികയിൽ കൊടുത്ത തരത്തിലുള്ള അപേക്ഷകളിന്മേൽ അന്വേഷണം നടത്താതെയും പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്താതെയും ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാവുന്നില്ല.

| രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | ലൈസൻസിന്റെ ആവശ്യം | ഈടാക്കിയ ഫീസ് (രൂപ) |
|---|---|---|---|
| 20 | അഹമ്മദ്.സിവായി | അനാദികച്ചവടം | 100 |
| 107 | സെബാസ്റ്റ്യൻ പുതിയപറമ്പിൽ | കാർപ്പെന്ററി ആവശ്യം | 200 |
| 130 | വടക്കെ പുതിയ പുരയിൽ അബ്ദു റഹിമാൻ ഹാജി. | ഓയിൽ മിൽ | 200 |
| 132 | നബിൽ അബൂബക്കർ | കമ്പി,സിമെന്റ് വിൽപന. | 200 |

അപേക്ഷകളിന്മേൽ ശരിയായ അന്വേഷണം നടത്തി പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 രസീത് ബുക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല.

2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടം അധ്യായം 2-ൽ 4(3) അക്കൗണ്ട് പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽമാട്ടൂൽ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ ഏതാനും രസീത് ബുക്കുകൾ ഉപയോഗിച്ചത് സാക്ഷ്യപത്രം രേഖപ്പെടുത്താതെയാണ് . രശീതി ബുക്കുകളുടെ ഉപയോഗത്തിലെ

അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

( എ) സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| രശീതി ബുക്ക് നമ്പർ | 1877,1861,1872,43726,43713,43717. |

(ബി) വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ രശീതികൾ റദ്ദാക്കിയവ

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 43711 | 9,48 |
| 43713 | 5 |

(സി)തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 43712 | 1 മുതൽ4വരെ |
| 1857 | 1മുതൽ9വരെ |
| 1864 | 12മുതൽ25വരെ |
| 43713 | 5 |

കൂടാതെ രസീത് ബുക്കുകളിൽ ചിലതിൽ സാമ്പത്തിക വർഷത്തിനുശേഷം അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്യുകയോ ക്യാൻസൽ ചെയ്തവ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. വരവ് തുക മുഴുവനായി ഒടുക്കുന്നുണ്ടെങ്കിലും ഇവയുടെ വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല.രസീത് ബുക്കുകളിലെ കളക്ഷൻ തുക അടവാക്കുന്നതിന് മുൻപേ ബന്ധപ്പെട്ട അധികാരികൾ സൂക്ഷ്മ പരിശോധന നടത്തുന്നില്ല. മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെക്കുമ്പാട് കടവിൽ ബോട്ട് സർവ്വീസ്-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തുക 125200 രൂപ തടസ്സപ്പെടുത്തുന്നു.

തെക്കുമ്പാട് കടവിൽ ബോട്ട് സർവ്വീസ് നടത്തിയതിന് ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ പ്രതിമാസം 9000 രൂപ നിരക്കിലും ഒക്ടോബർ മുതൽ ഫെബ്രുവരി വരെ 12000 രൂപ നിരക്കിലും മാർച്ച് മാസത്തിൽ 11200 രൂപയുമടക്കം ആകെ 125200 രൂപ വി.കെ.ഹുസൈൻകോയ ചാലിയം എന്നവർക്ക് നല്കിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക |
|---|---|
| 21700027/19-04-2017 | 9000 |
| 21700075/08-05-2017 | 9000 |
| 21700142/06-08-2017 | 9000 |
| 21700243/10-07-2017 | 9000 |
| 21700317/09-08-2017 | 9000 |
| 21700393/15-09-2017 | 9000 |
| 21700494/26-10-2017 | 12000 |
| 21700529/07-11-2018 | 12000 |
| 21700618/11-12-2017 | 12000 |
| 21700701/06-01-2018 | 12000 |
| 21700828/06-02-2018 | 12000 |
| 21700931/12-03-2018 | 11200 |
| ആകെ | 125200 |

മുൻവർഷങ്ങളിൽ ലേലം ചെയ്ത് ബോട്ട് സർവ്വീസ് നടത്തിയിരുന്നെങ്കിലും പിന്നീട് യാത്രക്കാർ കുറവാണെന്നും ബോട്ട് സർവ്വീസ് ലാഭകരമല്ലെന്നും കാണിച്ച് ലേലം ഒഴിവാക്കി പ്രതിമാസം നിശ്ചിത തുക നല്കി ബോട്ട് സർവ്വീസ് നടത്തുകയാണ് ചെയ്യുന്നത്. എന്നാൽ ഇങ്ങനെ സർവ്വീസ് ആരംഭിക്കുമ്പോൾ കുറഞ്ഞ നിരക്കിൽ സേവനം ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നേരത്തേ ബോട്ട് സർവ്വീസ് നടത്തിയ വ്യക്തിയെ ഏല്പിക്കുകയാണ് ചെയ്തത്. ഈ നടപടി ക്രമപ്രകാരമല്ല. എക്സിറ്റ് മീറ്റിംഗിൽ ഈ കാര്യം പരാമർശിച്ചപ്പോൾ ബോട്ട് സർവ്വീസ് സംബന്ധിച്ച വിശദീകരണം ഇപ്രകാരമാണ്.ഗ്രാമപഞ്ചായത്തിന്റെ ഭാഗമായ തെക്കുമ്പാട് ദ്വീപുമായുള്ള ബന്ധം ബോട്ട് സർവ്വീസിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ. സർവ്വീസ് നഷ്ടമായതിനാൽ സർവ്വീസ് നിർത്തുന്ന ഘട്ടം വന്നപ്പോൾ ഗ്രാമപഞ്ചായത്ത് ജനങ്ങളുടെ സൗകര്യാർത്ഥം ആയത് നിലനിർത്താനാണ് പണം നൽകി സർവ്വീസ് നിലനിർത്തിച്ചത്. സാഹചര്യം ഇങ്ങനെയാണെങ്കിലും ബോട്ട് സരവ്വീസ് നടത്തിയ ചെലവിന് സർക്കാരിൽനിന്ന് അനുമതി വാങ്ങേണ്ടതാണ്. നടപടിക്രമങ്ങളൊന്നും പാലിക്കാതെ ബോട്ട് സർവ്വീസിന് നല്കിയ 125200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ബിരുദം/ബിരുദാനന്തര/ഡിപ്ലോമ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ ലാപ്പ് ടോപ്പ്(പട്ടികജാതി) -പദ്ധതി നിർദേശം പാലിച്ചില്ല.

2017-18 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദം/ബിരുദാനന്തര/ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ബിരുദം/ബിരുദാനന്തര /ഡിപ്ലോമ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ ലാപ്പ് ടോപ്പ്(പട്ടികജാതി) |
| പ്രൊജക്ട് നമ്പർ | 42/2018 |
| അടങ്കൽ | 420000 |
| ബിൽ നമ്പർ/തീയതി | 5/2017-18 -12-11-2017-336000<br>10/2017-18-20-02-2018-56000 |
| ചെലവ് തുക | 392000 |

മേൽ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിക്കുകയും 17-10-2017 ന് ചേർന്ന പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനപ്രകാരം ഒരെണ്ണത്തിന് 28000 രൂപയും അഞ്ച് വർഷ ഗ്യാരണ്ടിയും സൂചിപ്പിച്ച ടെക്നോ ട്രീ പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും 14-11-2017 ന് 12 ലാപ് ടോപ്പും (ഇൻവോയ്സ്. നം 2017-2018/00795 ) 14-02-2018 ന് 2 ലാപ് ടോപ്പുകളും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1 .ജി.ഒ.(എം.എസ്.) 80/ 17 ,ത.സ്വ.ഭ.വ , 3.4.17 ഉത്തരവ് പ്രകാരം

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം , ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ, പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ വിഭാഗത്തിൽപ്പെടാത്ത വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമ.നം | പേര് | വിഷയം | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | ഷിധിന കെ | General Nursing &Midwifery | സെന്റ് ഡീ പോറസ് ഹോസ്പിറ്റൽ,ചെറുകുന്ന് |

2. സർക്കുലർ നമ്പർ ഡി എ 1/750/2017 തസ്വഭവ തീയതി 28-10-2017 പ്രകാരം സ്കൂൾ, കോളേജ് കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, ലാപ്പ് ടോപ്പ് ഇവ തദ്ദേശഭരണ സ്ഥാപനങ്ങൾ സെപ്തംബർ, ഒക്ടോബർ മാസത്തിന് മുൻപ് നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുള്ളത് നവംബർ, ഫെബ്രുവരി മാസങ്ങളിലാണ്. തുടർ വർഷങ്ങളിൽ ലാപ് ടോപ്പ് വിതരണ പദ്ധതി നടപ്പിലാക്കുമ്പോൾ ഗവൺമെന്റ് പുറപ്പെടുവിച്ച മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് -കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന

**നടത്തേണ്ടതാണ്.**

18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് നടത്തേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ യൂനൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | വൗച്ചർ നം/തീയതി | തുക | ചെലവിനം |
|---|---|---|---|
| 1 | 21700079<br>11-05-17 | 10600 | പഴയ ബൊലേറോ ജീപ്പിന്റെ ഇൻഷ്വറൻസ് ഒടുക്കിയത്<br>(കെ എൽ-13ക്യൂ-3525) |
| 2 | 21700570<br>29-11-2017 | 22520 | ഇൻഷ്വറൻസ് തുക ഒടുക്കിയത് (കെ എൽ 13 എ എച്ച് 8428) |

ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാഹനങ്ങളുടേയും ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലൂടെ മാത്രം നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാഹനങ്ങളുടേയും ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലൂടെ മാത്രം നിർവ്വഹിക്കേണ്ടതാണ്.

## 3-4 പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകൽ -മാർഗ്ഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2017-18 വർഷം പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകുന്നതിന് വേണ്ടി താഴെ കൊടുത്ത പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 24/2018 &<br>166/2018(സ്പില്ലോവർ) |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകൽ |
| ചെലവ് | 275000 |
| ബിൽ നമ്പർ/തീയതി/തുക | 1/2017-18 /30-06-2017-75000 |

| | |
|---|---|
| | 12/2017-18 /28-02-2018/-50000<br>13/2017-18 /20-03-2018 /-50000<br>19/2017-18 /31-03-2018 /-100000 |

2017-18 വർഷം പഠനമുറിക്ക് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കൈപ്പറ്റിയ ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | പ്രിയേഷ് എം ടി | 25000/- |
| 2 | ഉഷ എം | 50000/- |
| 3 | ബിന്ദു കെ | 50000/ |
| 4 | രാജൻ പി | 50000/- |
| 5 | ശാലിനി ടി | 100000/- |

മേൽ പദ്ധതി പ്രകാരം വിവിധ പട്ടികജാതി വിദ്യാർതികൾക്ക് പഠനമുറി ഒരുക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. സ.ഉ (സാധാ)നം .1683 /17,ത.സ്വ.ഭ.വ ,തീ.23.5.17-ൽ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഈ പദ്ധതിയിൽ ആനുകൂല്യത്തിനായി പാലിക്കേണ്ട നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിബന്ധനകളിൽ താഴെ കൊടുത്തവ പദ്ധതി നടത്തിപ്പ് വേളയിൽ പാലിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് ആസ്പദമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1.നിർമ്മിക്കുന്ന പഠനമുറിക്ക് 100 ച . അടിയിൽ അധികരിക്കാത്ത വിസ്തീർണ്ണം ഉണ്ടായിരിക്കണം.

2.നിർമ്മിക്കുന്ന മുറിയുടെ എസ്റ്റിമേറ്റ് എഞ്ചിനീയർ മെഷർമെന്റ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ വേണം ധനസഹായം അനുവദിക്കുവാൻ.

പ്രസ്തുത കാര്യം ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മാർച്ച് മാസത്തിൽ സെക്രട്ടറിയുടെ അധികചുമതല കൂടി ഉണ്ടായിരുന്നതിനാലാണ് എഞ്ചിനീയർ മെഷർമെന്റ് നടത്തിയതിന്റെ വിവരം ഉൾക്കൊള്ളിക്കാൻ കഴിയാതിരുന്നതെന്നാണ് അസിസ്റ്റന്റ് സെക്രട്ടറി വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ ഗവൺമെന്റ് നിർദേശിച്ച മുഴുവൻ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്.

## 3-5 എൽ ഇ ഡി തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. 297600 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എൽ ഇ ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കേരള റൂറൽ എംപ്ലോയിമെന്റ് & വെൽഫയർ സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും 2017-18 വർഷം 96 എണ്ണം തെരുവ് വിളക്കുകൾ വാങ്ങിക്കുകയുണ്ടായി.ആയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | വിവിധ സ്ഥലങ്ങളിൽ എൽ ഇ ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ |
| പ്രൊജക്ട് നമ്പർ | SO022/2018 |
| ബിൽ നമ്പർ/തീയതി-തുക | 36/2017-18 തീയതി 28-02-2018-297600 |
| ചെലവ് വിവരം | 96 തെരുവ് വിളക്കുകളുടെ വില-250544<br>ഇൻസ്റ്റലേഷൻ ചാർജ്-14400<br>ജി എസ് ടി-32656 |

പ്രസ്തുത പദ്ധതി സംബന്ധിച്ച് താഴെ കൊടുത്ത വിവരങ്ങൾക്ക് വിശദീകരണം/രേഖകൾ ഹാജരാക്കിയില്ല.

1.തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിയതിന്റെ രേഖ

2.തെരുവ് വിളക്കുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ

3.വാങ്ങിച്ച തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് ആധാരമായ രേഖകൾ

4.ലഭിച്ച എൽ ഇ ഡി തെരുവ് വിളക്കുകൾ ആവശ്യപ്പെട്ട സ്പെസിഫിക്കേഷനോടുകൂടിയതാണെന്ന പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

5.പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം

മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 297600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല. 326493 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

2017-18 വർഷം ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് വാങ്ങുന്നതിനും റിപ്പയർ നടത്തുന്നതിനുമായ താഴെ കൊടുത്ത പ്രകാരം പണം ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 14/2018 |
| അടങ്കൽ | 350000(തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് | 326493 |
| പ്രൊജക്ടിന്റെ പേര് | തെരുവ് വിളക്ക് അറ്റകുറ്റപ്പണി |

ഭരണസമിതിയുടെ 09-10-2017 ലെ 97/2017 (1) തീരുമാനപ്രകാരം തെരുവ് വിളക്കുകളുടെ റിപ്പയർ പ്രവൃത്തി നടത്തുന്നതിനായി അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്ടർമാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചതിൽ ശ്രീ യു പി അബ്ദുൽ സലാം എന്നവർ മാത്രമാണ് അപേക്ഷ സമർപ്പിച്ചതെന്നും ടിയാന്റെ അപേക്ഷ പരിഗണിച്ച് തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തി ദിവസക്കൂലി അടിസ്ഥാനത്തിൽ ഏല്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കുകയും 26-12-2017 ന് ഇത് സംബന്ധിച്ച് ടിയാനുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി താഴെ കൊടുത്ത പ്രകാരം ഗ്രാമപഞ്ചായത്ത് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

| തുക ലഭിച്ചവരുടെ പേര് വിവരം | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത അക്കൗണ്ട് നമ്പർ | ക്രെഡിറ്റ് ചെയ്ത തീയതി | തുക | ആവശ്യം |
|---|---|---|---|---|
| യു പി അബ്ദുൾ സലാം | 404211000009977 | 01-02-2018 | 44800 | തെരുവ് വിളക്ക് റിപ്പയർ(ദിവസക്കൂലി) |
| യു പി അബ്ദുൾ സലാം | 404211000009977 | 31-03-2018 | 33600 | തെരുവ് വിളക്ക് റിപ്പയർ(ദിവസക്കൂലി) |
| സുരേഷ് കെ | 40421100005590 | 01-02-2018 | 32000 | തെരുവ് വിളക്ക് റിപ്പയർ |
| സുരേഷ് കെ | 40421100005590 | 31-03-2018 | 19000 | തെരുവ് വിളക്ക് റിപ്പയർ |
| മാനേജർ,ടി പി എന്റർപ്രൈസസ് | 33863935405 | 29-03-2018 | 197093 | തെരുവ് വിളക്ക് വാങ്ങുന്നതിന് വേണ്ടി |
| ആകെ | | | 326493 | |

ഈ പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കരാറുകാരൻ എത്ര വിളക്കുകൾ ഓരോ ദിവസവും റിപ്പയർ ചെയ്തുവെന്ന് കാണിക്കുന്ന രേഖകൾ

പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് യു പി അബ്ദുൾ സലാം എന്ന വ്യക്തിയുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.എന്നാൽ സരേഷ് കെ എന്നയാൾക്ക് പണം നൽകിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

3) ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബിയും സംയുക്തപരിശോധന നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. പ്രോജക്ട് പ്രകാരം വിളക്കുകൾ സ്ഥാപിക്കുന്നതിന് ടി പി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് 197093 രൂപ നൽകിയിട്ടുണ്ട്. എന്നാൽ എത്ര വിളക്കുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുന്ന കെ.എസ്.ഇ.ബിയിൽ നിന്നും ലഭിച്ച ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് വാങ്ങിച്ച തെരുവ് വിളക്കുകളുടെ ഇനം ,വിലഎന്നിവ വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

5.പ്രൊജക്ട് മോണിറ്ററിംഗ് നടത്തിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ/രേഖൾ ലഭ്യമാക്കാത്തതിനാൽ 326493 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-7 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി - നടപടിക്രമം പാലിച്ചില്ല. 52200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ 60 വയസ് കഴിഞ്ഞ പട്ടികജാതി വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് വേണ്ടി താഴെ കൊടുത്ത പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | 60 വയസ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 127/2018(ജനറൽ)<br>153/2018(പട്ടികജാതി) |
| അടങ്കൽ | 261000(ജനറൽ)<br>126150(പട്ടികജാതി) |
| ബിൽ നമ്പർ/തീയതി-തുക | 09/2017-18 തീയതി 20-02-2018 /-260699(ജനറൽ)<br>11/2017-18 തീയതി 26-02-2018 /-126004(പട്ടികജാതി) |

17-10-2017 തീയതിയിലെ 101/2017(1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുളിമൂട്ടിൽ ഫർണ്ണിച്ചർ പഴയങ്ങാടി എന്ന സ്ഥാപനത്തിൽ നിന്നും 4350 രൂപ നിരക്കിൽ തടി കൊണ്ട് നിർമ്മിച്ച കട്ടിൽ വാങ്ങിയിട്ടുണ്ട്.

കട്ടിൽ നൽകുമ്പോൾ പാലിക്കേണ്ട സ്പെസിഫിക്കേഷൻ സംബന്ധിച്ച് ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(സാധാ) നം 2086/2017 തസ്വഭവ തീയ്യതി 21-06-2017 പ്രകാരം തടികൊണ്ട് നിർമ്മിക്കുന്നതിന് ആവശ്യമായ ചെലവ് കണക്കാക്കുന്നതിന് 07-06-2017ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ വൃദ്ധർക്ക് നൽകുന്ന കട്ടിലിന്റെ യൂണിറ്റ് ചെലവ് പരാമവധി 4350 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം നിശ്ചയിക്കുന്ന കട്ടിലിന്റെ നീളം 1.98 മീറ്ററും, വീതി 90 സെന്റീമീറ്ററും മുൻകാൽ നീളം 60 സെ.മി യും പിൻകാൽ നീളം 50 സെ.മി യും 8 മില്ലിമീറ്റർ പ്ലൈവുഡ് എന്നിങ്ങനെ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പുളിമൂട്ടിൽ ഫർണ്ണിച്ചർ പഴയങ്ങാടി എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ മേൽ കൊടുത്ത സ്പെസിഫിക്കേഷനില്ലുള്ള കട്ടിൽ അല്ല ക്വോട്ട് ചെയ്തിട്ടുള്ളത്.

101/2017(1) തീയതി 17-10-2017 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനവുമായി യൂണിറ്റ് കോസ്റ്റ്(പരമാവധി) 4350 രൂപയായി നെഗോസിയേറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉറപ്പിച്ചുവെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കട്ടിലിന് ഗവൺമെന്റ് നിർദേശപ്രകാരമുള്ള സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ ക്യാഷ് ഇൻവോയ്സ് പരിശോധിച്ചതിലും ഉത്തരവിൽ പരാമർശിച്ച പ്രകാരമുള്ള സ്പെസിഫിക്കേഷനുള്ള കട്ടിലാണ് വിതരണം നടത്തിയിട്ടുള്ളതെന്ന് തെളിയിക്കുന്ന വിവരവും രേഖപ്പെടുത്തിയിട്ടില്ല. തുടർവർഷങ്ങളിൽ പദ്ധതി നടത്തിപ്പ് വേളയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. കട്ടിൽ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്ത പ്രകാരം കട്ടിൽ വിതരണം ചെയ്യുകയും 12 എണ്ണം വിതരണം ചെയ്യാതെയുമുണ്ട്.

| പ്രൊജക്റ്റ് നം/പേര് | വാങ്ങിയ കട്ടിലുകളുടെ എണ്ണം | വിതരണം നടത്തിയത് | ബാക്കി |
|---|---|---|---|
| 127/2018(ജനറൽ) | 60 | 51 | 9 |
| 153/2018(പട്ടികജാതി) | 29 | 26 | 3 |

ഏതാനും ഗുണഭോക്താക്കൾ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് മരിച്ചുപോയതുകൊണ്ടാണ് കട്ടിലുകൾ വിതരണം ചെയ്യാൻ പറ്റാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ബാലൻസ് വന്ന കട്ടിലുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്യുന്ന രീതിയിൽ തുടർ വർഷത്തെ പ്രൊജക്ടിൽ ക്രമീകരണം വരുത്തേണ്ടതാണ്. വിതരണം ചെയ്യാതെ ബാക്കിയുള്ള കട്ടിലിന്റെ വില 52200 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-8 മാവേലി സ്റ്റോർ വാടക-സർക്കാർ നിർദേശം പാലിച്ചില്ല - 23360 രൂപ തടസ്സപ്പെടുത്തുന്നു.

സർക്കുലർ നമ്പർ 15289/കെ.1/2005 തീയതി 15-07-2006 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ആരംഭിക്കുന്ന മാവേലി സ്റ്റോറുകളുടെ 2 വർഷത്തെ വാടക സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽനിന്നോ നല്കാവുന്നതാണ്. 01-02-2013 മുതലുള്ള വാടക ശ്രീ.തറമ്മൽ അബ്ദുൾ ഖാദർ എന്നവർക്ക് പഞ്ചായത്തിൽ നിന്ന് നല്കി വരുന്നുണ്ട് (കെട്ടിട നമ്പർ എം.പി.XI സി). മേൽ സർക്കുലർ പ്രകാരം 31-01 -2015 വരെയുള്ള വാടക മാത്രമാണ് പഞ്ചായത്തിന് അനുവദിക്കാവുന്നത്.

എന്നാൽ താഴെ കൊടുത്ത പ്രകാരം 2016 ആഗസ്റ്റ് മുതൽ 2017 മാർച്ച് വരെയുള്ള വാടക പ്രതിമാസം 2920 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്.

| ക്രമനം | വൗച്ചർ നം | നൽകിയ തുക |
|---|---|---|
| 1 | 21700026 /12-04-2017 | 23360 |

ഗവൺമെന്റ് നിർദേശത്തിന് വിരുദ്ധമായി വാടക നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 23360 രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 കറവപശുവിതരണം -അന്തിമഗുണഭോക്തൃപട്ടിക ഗ്രാമപഞ്ചായത്തിന്റേയും നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 (സി) പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് മുൻഗണന ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് നല്കുക എന്നത് ഗ്രാമസഭയുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.കൂടാതെ സ.ഉ.(എം.എസ്.) നം 80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഖ. 20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്.

ഇത്തരം നടപടികൾ പൂർണ്ണമായും പാലിക്കാതെ താഴെ കൊടുത്ത പ്രൊജക്ടിൽ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.വിശദവിവരം ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 61/18 |
| പ്രൊജക്ടിന്റെ പേര് | കറവ പശുവിതരണം |
| അടങ്കൽ | ₹600000 |
| ചെലവ് | ₹225000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി | 19/2017-18 /24-11-2018 |

മേൽ പദ്ധതിപ്രകാരം നടപ്പിലാക്കിയ കറവ പശു വിതരണത്തിന് വെറ്ററിനറി സർജൻ ഹാജരാക്കിയ 2017-18 സാമ്പത്തിക വർഷത്തെ അന്തിമ ഗുണഭോക്തൃ ലിസ്റ്റും ഗ്രാമ പഞ്ചായത്തിന്റെ അന്തിമ ഗുണഭോക്തൃ ലിസ്റ്റും പൊരുത്തപ്പെടുന്നില്ല. പദ്ധതി പ്രകാരം കറവ പശു ലഭിച്ച ശ്രീമതി റഷീദ.വി.എം(വാർഡ് നമ്പർ 5) എന്ന ഗുണഭോക്താവ് ഗ്രാമ പഞ്ചായത്ത് അധികൃതർ ഹാജരാക്കിയ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി തൃപ്തികരമല്ല.ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രാമസഭ മിനുട്സ് പരിശോധിച്ചതിൽ പ്രസ്തുത ഗുണഭോക്താവ് ഉൾപ്പെട്ടിട്ടില്ല. പദ്ധതി നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സർക്കാർ നിർദേശപ്രകാരമായിരിക്കേണ്ടതാണ്.

## 3-10 കന്നുകുട്ടിപരിപാലനം-ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃപട്ടികയും നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ ഗുണഭോക്തൃപട്ടികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കന്നുകുട്ടിപരിപാലന പദ്ധതിക്ക് വേണ്ടി 2017-18 വർഷം താഴെ കൊടുത്ത പ്രകാരം ഗ്രാമപഞ്ചായത്ത് ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം. | 194/18 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടിപരിപാലനം |
| അടങ്കൽ | ₹ 500000 |
| ചെലവ് | ₹250000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ,മാട്ടൂൽ. |
| ഓഡിറ്റ് എൻക്വയറി നം/തീയ്യതി | 22/17-18/24-11-2018 |

2017-18 വർഷം കന്നുകുട്ടിപരിപാലന പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃപട്ടികയും നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ ഗുണഭോക്തൃപട്ടികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.താഴെ കൊടുത്ത ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ അന്തിമഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടുന്നില്ല.

| ക്രമനമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | കുനിമ്മൽ തങ്ക മാട്ടൂൽ ജസിന്ത | 3 |
| 2 | തങ്കമണി.ഇ മടക്കര | 6 |
| 3 | ശാന്ത കെ.വി മടക്കര | 6 |
| 4 | ശോഭന കെ മടക്കര | 6 |

| | | |
|---|---|---|
| 5 | നസീമ.പി.വി.മാട്ടൂൽ സൗത്ത് | 8 |
| 6 | ചന്ദ്രമതി എം.വി മാട്ടൂൽ വായനശാല | 11 |
| 7 | പാറയിൽ സാവിത്രി മാട്ടൂൽ സൗത്ത് | 10 |
| 8 | സീനത്.കെപി മാട്ടൂൽ നോർത്ത് | 17 |
| 9 | ശൈലജ മടക്കര | 6 |
| 10 | ഗൗരി.പിവി മടക്കര | 6 |
| 11 | കുഞ്ഞായിശ്ശ എ മാട്ടൂൽസെൻട്രൽ | 13 |
| 12 | വനജ.പി.മടക്കര | 6 |
| 13 | ശാന്ത.കെവി.തെക്കുമ്പാട് | 4 |
| 14 | റഷീദ.പിപി.മാട്ടൂൽ നോർത്ത് | 17 |
| 15 | സിസിലി.ഒ.വി മാട്ടൂൽസെൻട്രൽ | 13 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് തൃപ്തകരമല്ല.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതും ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖയും ലഭ്യമാക്കേണ്ടതാണ്.

## 3-11 കിടാരി വിതരണം-നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ അന്തിമ ഗുണഭോക്തൃ ലിസ്റ്റും ഗ്രാമ പഞ്ചായത്തിന്റെ അന്തിമ ഗുണഭോക്തൃ ലിസ്റ്റും പൊരുത്തപ്പെടുന്നില്ല.

കിടാരി വിതരണം എന്ന പദ്ധതിക്ക് വേണ്ടി 2017-18 വർഷം ഗ്രാമപഞ്ചായത്ത് താഴെ കൊടുത്ത പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നം | 144/18 |
| പ്രൊജക്റ്റിന്റെ പേര് | കിടാരി വിതരണം |
| അടങ്കൽ | ₹160000 |
| ചെലവ് | ₹64000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ഓഡിറ്റ് അന്വേഷണ നമ്പർ/തീയ്യതി | 21/17-18 /24-11-2018 |

മേൽ പദ്ധതിപ്രകാരം നടപ്പിലാക്കിയ കിടാരി വിതരണത്തിന് വെറ്ററിനറി സർജൻ ഹാജരാക്കിയ അന്തിമ ഗുണഭോക്തൃ ലിസ്റ്റും ഗ്രാമ പഞ്ചായത്തിന്റെ അന്തിമ ഗുണഭോക്തൃ ലിസ്റ്റും പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തവരുടെ പേര് വിവരം | വാർഡ് നമ്പർ |
|---|---|---|
| 1 | അഫ്സത്ത്.സി.കെ | 2 |
| 2 | സരോജിനി.ടി.വി | 12 |
| 3 | പാറയിൽ സാവിത്രി | 11 |
| 4 | പി.സാവിത്രി | 15 |
| 5 | ആസിയ | 10 |
| 6 | പി.വനജ | 6 |

എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് തൃപ്തികരമല്ല.മേൽ ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേനയാണ് തെരഞ്ഞെടുത്തിട്ടുള്ളതെങ്കിൽ ആയതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്.

## 3-12 ക്ലബ്ബുകൾക്കും പഞ്ചായത്തിലെ പ്രൈമറി സ്കൂളുകൾക്കും സ്പോർട്സ് ഉപകരണങ്ങൾ വിതരണം-അപാകങ്ങൾ.

ഗ്രാമപഞ്ചായത്ത് 2017-18 വർഷം 44 ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ക്ലബുകളുടെ അംഗീകാരം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 138/18 |
| പ്രോജക്ടിന്റെ പേര് | അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ |
| അടങ്കൽ | ₹ 80000-തനത് ഫണ്ട് |
| ചെലവ്<br>ചെക്ക് നം/തീയ്യതി/തുക | 8617915/27.02..2018/₹80000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ജി.എം യു.പി..എസ്. മാട്ടൂൽ |

സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്ത ക്ലബുകളുടെ അംഗീകാരം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/2017-18/22-11-18) മറുപടിയായി പ്രസ്തുത ക്ലബുകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രജിസ്ട്രേഷൻ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(2) പഞ്ചായത്തിലെ പ്രൈമറി സ്കൂളുകൾക്ക്സ്പോർട്സ് ഉപകരണങ്ങൾ-ഗ്രാമപഞ്ചായത്തിന്റെ മേഖലാചുമതലയിൽപെടാത്ത സ്ഥാപനങ്ങൾക്ക് നൽകി.

ഗ്രാമപഞ്ചായത്ത് 2017-18 വർഷം വിവിധ സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി

വിതരണം ചെയ്തിട്ടുണ്ട്. ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 140/18 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിലെ പ്രൈമറി സ്കൂളുകൾക്ക്സ്പോർട്സ് ഉപകരണങ്ങൾ |
| അടങ്കൽ | ₹ 78000-വികസന ഫണ്ട് |
| ചെലവ് ബിൽനം/തീയ്യതി/തുക | 5/2017-18/27.10.2017/₹169443 |
| നിർവ്വഹണ ഉദ്വോഗസ്ഥൻ | ഹെഡ് മാസ്റ്റർ ജി.എം യു.പി..എസ്. |

ആകെ 14 സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. അവയിൽ CHMKS-GHSS എന്ന ഹയർ സെക്കണ്ടറി വിദ്യാലയവും ഉൾപ്പെടുന്നുണ്ട്. സ്കൂൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ലെ 173 വകുപ്പിലെ (1) ഉപവകുപ്പ് IX പ്രകാരം ഹൈസ്കൂളുകളും ഹയർസെക്കണ്ടറി സ്കൂളുകളും ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ പെടുന്നതാണ്.8 ാം തരം മുതൽ ഹയർ സെക്കണ്ടറി വരെ മാത്രം അദ്ധ്യയനം നടത്തുന്ന പ്രസ്തുത സകൂളിന് സ്പോർട്സ് ഉപകരണങ്ങൾവിതരണം നടത്തിയത് ക്രമപ്രകാരമല്ല.

അപാകം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-13 ഗവ:സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ-ജി എസ് ടി ഇനത്തൽ അധികം തുക നൽകി. 5289 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് 4 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 121/18 |
| പ്രോജക്ടിന്റെ പേര് | ഗവ:സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹ 160000-മെയിന്റനൻസ് ഫണ്ട് റോഡിതരം. |
| ചെലവ് ബിൽനം/തീയ്യതി/തുക | 1/2017-18/31.7.2017/₹158000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ജി.എം യു.പി.എസ്., മാട്ടൂൽ |

മേൽ പദ്ധതി പ്രകാരം Techno Tree computer sales &service. പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് Invoice No.2017-18/000356- തീയ്യതി.26.7.2017.പ്രകാരം 4 കമ്പ്യൂട്ടറിന് 4x30550=122200 രൂപയും, 4 യു.പി.എസിന്.(4x1804)=7216 രൂപയും 18% ജി എസ് ടി തുകയായി 28584 രൂപയുമടക്കം 158000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജി എസ് ടി ഇനത്തിൽ അധികം തുക നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കമ്പ്യൂട്ടറിന്റേയും യു പി എസിന്റേയും വില | ജി എസ് ടി നിരക്ക് | ജി എസ് ടി ഇനത്തിൽ നൽകേണ്ട തുക | നൽകിയത് | അധികം |
|---|---|---|---|---|
| 129416 | 18% | 23295 | 28584 | 5289 |

ജി എസ് ടി ഇനത്തിൽ അധികം നൽകിയ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

മാത്രമല്ല കമ്പ്യൂട്ടറുകൾ വിതരണം ചെയ്ത സ്ഥാപനത്തിന്റെ കാഷ് ഇൻവോയ്സിൽ ജി എസ് ടി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന്റെ ജി എസ് ടി രജിസ്ട്രേഷൻ സംബന്ധിച്ച വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-14 റോഡ് താറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകൽ-ബാരൽ വില ഈടാക്കിയില്ല - 44866 രൂപ അധികം നല്കിയത് ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2017-18- ൽ സ്പിൽ ഓവർ പ്രവൃത്തികളായി നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ കാലി ബാരൽ വില ബില്ലിൽ നിന്നും കുറവ് ചെയ്യാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചത്. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്ര.ന | പ്രോജക്ട് നമ്പർ,പേര് എം.ബുക്ക് നമ്പർ | ---കരാറുകാരന്റെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ തീയ്യതി ,തുക. | എം.ബുക്ക് പ്രകാരം ഉപയോഗിച്ച ബിറ്റുമിന്റെ ബാരലുകളുടെ എണ്ണം | ബാരൽ വില @238/ബാരൽ + 14.5% വാറ്റ് (273)/ 1-7-17 മുതൽ +18% GST (281) | കരാറുകാരന് അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 81/2017,71 /2018ഹയർസെക്കന്ററി സ്കൂൾ റോഡ് അറ്റകുറ്റപ്പണി, അളവുപുസ്തകം 13/16-17 | അമീർ.എം | 6/17-18, 19-6-17 199958 രൂപ | 7 | 273X7 | 1911 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 87/17, തങ്ങളെ പള്ളി ബീച്ച് റോഡ് റീ ടാറിംഗ്<br>അളവുപുസ്തകം 46/16-17 | സിദ്ദിക്ക് അമീർ അലി.ടി.പി | 05/17-18<br>29.5.17,<br>299567 രൂപ | 10 | 273X10 | 2730 |
| 3 | 078/17,68/18ജസിന്ത കളരി റോഡ് അറ്റകുറ്റപ്പണി<br>അളവുപുസ്തകം 11/16-17 | അമീർ.എം | 08/17-18<br>19.6.17,<br>377710 രൂപ | 8 | 273X8 | 2184 |
| 4 | 94/17,68/18 തഖ് വ പള്ളി റോഡ് ടാറിംഗ്<br>അളവുപുസ്തകം 43/16-17 | സിദ്ദിക്ക് അമീർ അലി.ടി.പി | 09/17-18<br>19.6.17,<br>287962 രൂപ | 6 | 273X6 | 1638 |
| 5 | 73/17, സെൻട്രൽ ജുമാമസ്ജിദ് വളപട്ടണംചാൽ ബീച്ച് റോഡ്അറ്റകുറ്റപ്പണി<br>അളവുപുസ്തകം 02/16-17 | ഷിഹാബ്.കെ | 10/17-18<br>28.6.17,<br>299110 രൂപ | 9 | 273X9 | 2457 |
| 6 | 74/17,മാട്ടൂൽ മിനി സ്റ്റേഡിയം റോഡ് അറ്റകുറ്റപ്പണി<br>അളവുപുസ്തകം 3/16-17 | സിദ്ദിക്ക് അമീർ അലി.ടി.പി | 11/17-18<br>28.6.17,<br>431441 രൂപ | 12 | 273X12 | 3276 |
| 7 | 078/17,68/18ജസിന്ത കളരി റോഡ് അറ്റകുറ്റപ്പണി<br>അളവുപുസ്തകം 11/16-17 | അമീർ.എം | 08/17-18<br>19.6.17,<br>377710 രൂപ | 8 | 273X8 | 2184 |
| 8 | 079/17,ആറുതെങ്ങ് കടവ് സി.എം.എൽ.പി സ്കൂൾ റോഡ് അറ്റകുറ്റപ്പണി<br>അളവുപുസ്തകം 12/16-17 | അമീർ.എം | 07/17-18<br>19.6.17,<br>449053 രൂപ | 13 | 273X13 | 3549 |
| 9 | 075/17,എം.സി.ആർ.ബി-അയാർക്കത്തോട് റോഡ് | സിദ്ദിക്ക് അമീർ അലി.ടി.പി | 12/17-18<br>28.6.17, | 9 | 273X9 | 2457 |

| | | | | | | |
|---|---|---|---|---|---|---|
| | അറ്റകുറ്റപ്പണി<br>അളവുപുസ്തകം 4/16-17 | | 299376 രൂപ | | | |
| 10 | 80/17ഒളിയങ്കര ബീച്ച് റോഡ് അറ്റകുറ്റപ്പണി<br>അളവുപുസ്തകം 45/16-17 | സിദ്ദിക്ക് അമീർ അലി.ടി.പി | 13/17-18<br>28.6.17,<br>349734 രൂപ | 15 | 273X15 | 4095 |
| 11 | 086/17,തെക്കുമ്പാട് പോസ്റ്റോഫീസ് റോഡ് റീടാറിംഗ്<br>അളവുപുസ്തകം 5/16-17 | സിദ്ദിക്ക് അമീർ അലി.ടി.പി | 12/17-18<br>28.6.17,<br>219310 രൂപ | 9 | 273X9 | 2457 |
| 12 | 91/17ബിസ്മില്ല ഹോട്ടൽ ഹോമിയോ ആശുപത്രി റോഡ് ടാറിംഗ്<br>അളവുപുസ്തകം 41/16-17 | സിദ്ദിക്ക് അമീർ അലി.ടി.പി | 15/17-18<br>28.6.17,<br>234212 രൂപ | 9 | 273X9 | 2457 |
| 13 | 92/17ഡാർണിഷ് കടവത്ത് ഹദ്ദാദ്പള്ളിറോഡ് ടാറിംഗ്<br>അളവുപുസ്തകം 42/16-17 | സിദ്ദിക്ക് അമീർ അലി.ടി.പി | 16/17-18<br>29.6.17,<br>287178 രൂപ | 6 | 273X6 | 1638 |
| 14 | 93/17 മാട്ടൂൽ നോർത്ത് സലഫി ബദർ പള്ളി റോഡ് ടാറിംഗ്<br>അളവുപുസ്തകം 23/16-17 | ഷിഹാബ്.കെ | 17/17-18<br>30.6.17,<br>252373 രൂപ | 6 | 273X6 | 1638 |
| 15 | 173/17 എം .സി.ആർ. ബി അയാർക്ക റോഡ് റീടാറിംഗ് (രണ്ടാം ഘട്ടം)<br>അളവുപുസ്തകം 49/16-17 | സിദ്ദിക്ക് അമീർ അലി.ടി.പി | 20/17-18<br>30.6.17,<br>363974 രൂപ | 11 | 273X11 | 3003 |
| 16 | 82/17ജസിന്ത-ബീച്ച് റോഡ് അറ്റകുറ്റപ്പണി<br>അളവുപുസ്തകം 45/16-17 | കുഞ്ഞഹമ്മദ്.കെ | 21/17-18<br>4.7.17,<br>199952 രൂപ | 7 | 281X7 | 1967 |

| | | | | | | |
|---|---|---|---|---|---|---|
| 17 | 97/17ആർ.സി ചർച്ച് ബീച്ച്റോഡ് ടാറിംഗ് ,സോളിംഗ് മൺ പ്രവൃത്തികൾ<br>അളവുപുസ്തകം 26/16-17 | ഷിഹാബ്.കെ | 22/17-18<br>6.7.17,<br>264359 രൂപ | 7 | 281X7 | 1967 |
| 18 | 154/17 യാസീൻ ബീച്ച് റോഡ് ടാറിംഗ്<br>അളവുപുസ്തകം 47/16-17 | കുഞ്ഞഹമ്മദ്.കെ | 27/17-18<br>23.8.17,<br>492106 രൂപ | 12 | 181X12 | 2172 |
| 19 | 166/17 ജിഎംഎൽപി സ്കൂൾ മഞ്ഞത്തോട് റോഡ് ടാറിംഗ്<br>അളവുപുസ്തകം 54/16-17 | കുഞ്ഞഹമ്മദ്.കെ | 36/17-18<br>29.12.17,<br>253457 രൂപ | 6 | 181X6 | 1086 |
| ആകെ തുക | | | | | | 44866 |

അധികം നൽകിയ 44866 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-15 വാട്ടർ ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് 79 വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജിനത്തിൽ 2017-18 വർഷം പ്രതിമാസം ₹34563 യാണ് നിലവിൽ ഒടുക്കിവരുന്നത്. ജി.ഒ.(ആർ.ടി) 2242/2011 ത.സ്വ.ഭ.വ. തീയ്യതി 28-09-11 പ്രകാരം വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തണമെന്നുള്ള നിർദ്ദേശമുണ്ട്. എന്നാൽ മേൽപ്പറഞ്ഞ 79 ടാപ്പുകളും പ്രവർത്തിക്കുന്നുണ്ടോ എന്നുള്ള വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.വാട്ടർ അതോറിറ്റിയുമായ സംയുക്തപരിശോധന നടത്തി പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് മാത്രമേ വാട്ടർ ചാർജ് നൽകുന്നുള്ളുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-16 മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

മാട്ടൂൽ ഗ്രാമപഞ്ചായത്ത്-2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി തുകകൾ നൽകിയെങ്കിലും ഓഡിറ്റ് തീയ്യതി വരെ മുഴുവൻ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ.

| ക്രമ | പ്രോജക്റ്റ് നമ്പർ- പ്രോജക്റ്റിന്റെ പേര്- | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയതുക/ ബിൽ നം/തീയ്യതി | തുകകൈപ്പറ്റിയ സ്ഥാപനം | ലഭിച്ച മരുന്നുകളുടെ | ലഭിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| നമ്പർ | അടങ്കൽ തുക. | | | | വില<br>₹ | മരുന്നുകളുടെ വില<br>₹ |
| 1 | 152/18ദീർഘകാല രോഗികളും മാറാ വ്യാധികൾ ബാധിച്ചവർക്കുമുള്ള ഗൃഹകേന്ദ്രീകൃത സാന്ത്വനം. വാങ്ങൽ.അടങ്കൽ-₹450000 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 5/17-18 തീയ്യതി.23.3.18<br>₹63500 | കേരള മെഡിക്കൽ<br>സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്. | മരുന്നുകൾ ലഭിച്ചിട്ടില്ല | ₹ 63500 |
| 2 | 171/18-ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-അടങ്കൽ-₹644809 | മെഡിക്കൽ ഓഫീസർആയുർവ്വേദം. | 1/17-18 തീയ്യതി.23.8..18.<br>₹400000-ഉം<br>3/17-18 തീയ്യതി.21.2.18<br>₹244809 | ഔഷധി | ₹636829 | ₹ 7980 |
| | | | | | ആകെ | ₹ 71480. |

പ്രൊജക്റ്റ് നമ്പർ 152/18-ദീർഘകാല രോഗികളും മാറാ വ്യാധികൾ ബാധിച്ചവർക്കുമുള്ള ഗൃഹകേന്ദ്രീകൃത സാന്ത്വനം എന്ന പദ്ധതിക്ക് വേണ്ടി മരുന്നുകൾ വാങ്ങുന്നതിന് വേണ്ടി നൽകിയ തുകയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കാത്തത് പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 പി എം എ വൈ വിഹിതം നൽകൽ(പട്ടികജാതി)- വിനിയോഗവിവരം ഹാജരാക്കേണ്ടതാണ്.

പി എം എ വൈ ഭവന പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി ബ്ലോക്ക് പഞ്ചായത്തിന് താഴെ കൊടുത്ത പ്രകാരം തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | പി എം എ വൈ വിഹിതം നൽകൽ(പട്ടികജാതി) |
| പ്രൊജക്റ്റ് നമ്പർ | 175/2018 |
| അടങ്കൽ | 40000 |
| ബിൽ നമ്പർ/തീയതി-തുക | 17/2017-18 തീയതി 31-03-2018 |

മേൽ പദ്ധതിക്കുവേണ്ടി കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് 40000 രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

## **3-18** പെയിൻ&പാലിയേറ്റീവ് പരിചരണം-കാര്യക്ഷമമായി പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ(സാധാ)നം 3217/2015/ത.സ്വ.ഭ.വ തീയ്യതി 29.10.15 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC)രൂപീകരിച്ച്. രണ്ടു മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ PMC യുടെ യോഗം 2017-18 സാമ്പത്തിക വർഷത്തിൽ .4.4.2017, 16.8.2017, 7.2.2018. എന്നീ തീയതികളിൽ ചേർന്നിട്ടുണ്ട്.

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എല്ലാമാസവും 5-ാ തീയ്യതിക്കുമുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ്കെയർ നിർവ്വഹണംവിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ട്പ്രതിമാസയോഗങ്ങൾക്കിടയിലും ഈകമ്മിറ്റിക്ക് യോഗം ചേരാം. പ്രസ്തുതകമ്മിറ്റിയുടെ യോഗം 2017-18 സാമ്പത്തികവർഷത്തിൽ 9 തവണ ചേർന്നിട്ടുണ്ടെങ്കിലും എല്ലാ മാസവും 5-ാം തീയ്യതിക്ക് മുമ്പായി യോഗം ചേരണമെന്ന് നിബന്ധന പാലിച്ചിട്ടില്ല. എല്ലാമാസവും 5-ാം തീയ്യതിക്കുമുമ്പായി യോഗം ചേർന്ന്പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തി പെയിൻ&പാലിയേറ്റീവ് പരിചരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാനും അതിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

പെയിൻ& പാലിയേറ്റീവ് കെയറിനുവേണ്ടി 2017-18 സാമ്പത്തികവർഷത്തിൽ പ്രോജക്ട് നം152/18-ൽ ചെലവഴിച്ച തുകയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നം/തീയ്യതി | തുക |
|---|---|---|
| 1 | 1/2017-18/22.8.17 | ₹ 111760 |
| 2 | 2/2017-18/24.11.17 | ₹ 52480 |
| 3 | 3/2017-18/7.1.18 | ₹66960 |
| 4 | 4/2017-18/20.2.18 | ₹ 65960 |
| 5 | 5/2017-18/23.3.18 | ₹63500 |
| 6 | 6/2017-18/28.3.18 | ₹ 53400 |
| 7 | 7/2017-18/31.3.18 | ₹ 35160 |
| | ആകെ | ₹449220 |

സ.ഉ(സാധാ)നം3217/2015/ത.സ്വ.ഭ.വ തീയ്യതി.29.10.2015 പ്രകാരം പെയിൻ&പാലിയേറ്റീവ് കെയർനോമിനൽ റജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന (റജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ഒഴിവാക്കപ്പെട്ടവരെയും മരണപ്പെട്ടവരെയും ഒഴിവാക്കിയശേഷമുള്ളവർ) രോഗികളുടെ പേരുവിവരം തദ്ദേശ

ഭരണസ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് റജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ് സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണ്.രോഗികളുടെപേരുവിവരം വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളത്. പാലിയേറ്റീവ് കെയർ നോമിനൽ റജിസ്റ്ററിൽ ഉൾപ്പെട്ടവരുടെ പേരുവിവരം തദ്ദേശ ഭരണസ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ-പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

2017-18 വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ടിന്റെ പേര് | മടക്കര സൗത്ത് സ്രാമ്പി പള്ളി റോഡിന് സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ |
| പ്രൊജക്ട് നമ്പർ | 20/2018 |
| ബിൽ നമ്പർ/തീയതി/തുക | 24/2017-18-12-01-2018 /-106120 |
| തുക ലഭിച്ച സ്ഥാപനം | കെ എസ് ഇ ബി, അസിസ്റ്റന്റ് എഞ്ചിനീയർ,ഇലക്ട്രിക്കൽ സെക്ഷൻ പാപ്പിനിശ്ശേരി |
| പ്രൊജക്ടിന്റെ പേര് | മടക്കര സി എച്ച് റോഡിന് സ്ട്രീറ്റ് ലൈൻ വലിക്കൽ |
| പ്രൊജക്ട് നമ്പർ | 21/2018 |
| ബിൽ നമ്പർ/തീയതി/തുക | 23/2017-18 തീയതി 12-01-2018 /-28210 |
| തുക ലഭിച്ച സ്ഥാപനം | കെ എസ് ഇ ബി, അസിസ്റ്റന്റ് എഞ്ചിനീയർ,ഇലക്ട്രിക്കൽ സെക്ഷൻ പാപ്പിനിശ്ശേരി |
| പ്രൊജക്ടിന്റെ പേര് | ഡാർണിഷ് കടവ് റോഡിൽ സ്ട്രീറ്റ് ലൈൻവലിക്കൽ |
| പ്രൊജക്ട് നമ്പർ | 18/2018 |
| ബിൽ നമ്പർ/തീയതി/തുക | 25/2017-18 തീയതി 12-01-2018 /-131930 |
| തുക ലഭിച്ച സ്ഥാപനം | കെ എസ് ഇ ബി, അസിസ്റ്റന്റ് എഞ്ചിനീയർ,ഇലക്ട്രിക്കൽ സെക്ഷൻ മാടായി |

പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

## 3-20 അംബേദ്ക്കർ കമ്മ്യൂണിറ്റി ഹാളിന് വാങ്ങി നൽകിയ ഫർണിച്ചറുകളും മൈക്ക് സെറ്റും ഉപയോഗിക്കുന്നില്ല.126200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

( എ) അംബേദ്ക്കർ കമ്മ്യൂണിറ്റി ഹാളിന് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിനായി എസ് സി പി ഫണ്ട് ഉപയോഗിച്ച് താഴെ കൊടുത്ത പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അംബേദ്ക്കർ കമ്മ്യൂണിറ്റി ഹാളിന് ഫർണ്ണിച്ചർ വാങ്ങൽ |
| പ്രോജക്ട് നമ്പർ | 193/2018 |
| അടങ്കൽ | 67850 |
| ബിൽ നമ്പർ/തീയതി-തുക | 16/2017-18 തീയതി 31.03.18 66750 |

(ബി) അംബേദ്ക്കർ കമ്മ്യൂണിറ്റി ഹാളിന് മൈക്ക് സെറ്റ് വാങ്ങി നൽകുന്നതിനായി എസ് സി പി ഫണ്ട് ഉപയോഗിച്ച് താഴെ കൊടുത്ത പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അംബേദ്ക്കർ കമ്മ്യൂണിറ്റി ഹാളിന് മൈക്ക് സെറ്റ് വാങ്ങൽ |
| പ്രോജക്ട് നമ്പർ | 35/2018 |
| അടങ്കൽ | 75000 |
| ബിൽ നമ്പർ/തീയതി-തുക | 18/2017-18 തീയതി 31.03.2018 59450 |

പ്രസ്തുത സ്ഥാപനത്തിന് വാങ്ങി നൽകിയ ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരം പരിശോധിക്കുന്നതിനായി 29-11-2018 സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തുകയുണ്ടായി. ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയ ഫർണ്ണിച്ചറുകളും മൈക്ക് സെറ്റും ഉപയോഗിക്കാഗിക്കാത്ത നിലയിൽ കൂട്ടിയിട്ടിരിക്കയാണ്. ലഭിച്ച ഇനങ്ങൾ സ്ഥാപനം സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടില്ല. പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തുക 126200 രൂപ തടസപ്പെടുത്തുന്നു.

## 3-21 റിംഗ് കമ്പോസ്റ്റ് പദ്ധതി- അപാകങ്ങൾ 236842 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രൊജക്ടിന്റെ പേര് | വികേന്ദ്രീകൃത മാലിന്യസംസ്കരണം-റിംഗ് കമ്പോസ്റ്റ് |
| പ്രൊജക്ട് നമ്പർ | 170/2018 |
| ബിൽ നമ്പർ/തീയതി/തുക | 1/2017-18-30-06-2017 /-300000 |
| ചെക്ക് നമ്പർ/തീയതി/തുക | 030738/30-08-2017/-200000 |
| ഓഡിറ്റ് എൻക്വയറി നം/തീയതി | 8/2017-18 /21-11-2018 |

പ്രസ്തുത പദ്ധതി പ്രകാരം ഹരിത റിംഗ് കമ്പോസ്റ്റ് ഇൻഡസ്ട്രീസ് ആലക്കോട് എന്ന സ്ഥാപനത്തിൽ നിന്നും രശീതി നമ്പർ 23/28-06-2017 പ്രകാരം 3 ലക്ഷം രൂപയുടെ 120 എണ്ണം റിംഗ് കമ്പോസ്റ്റും രശീതി നമ്പർ 24/29-06-2017 പ്രകാരം 2 ലക്ഷം രൂപയുടെ 80എണ്ണം റിംഗ് കമ്പോസ്റ്റും വാങ്ങിയിട്ടുണ്ട്.

വികേന്ദ്രീകൃത മാലിന്യസംസ്കരണം-റിംഗ് കമ്പോസ്റ്റ് എന്ന പദ്ധതി നടത്തിപ്പിലെ താഴെ പറയുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1.പരിശോധനക്ക് ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം ആകെ 200 എണ്ണം റിംഗ് കമ്പോസ്റ്റ് മാത്രമാണ് കരാർ എടുത്തഏജൻസ് വിതരണം ചെയ്തിട്ടുള്ളത്.എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ വാല്യുവേഷൻ പ്രകാരം 372 എണ്ണം റിംഗ് കമ്പോസ്റ്റ് ലഭിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. 372 റിംഗ് കമ്പോസ്റ്റുകൾ വിതരണം നടത്തിയതിന്റെ രേഖൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത ഏജൻസിയിൽ നിന്നും172 റിംഗ് കമ്പോസ്റ്റ് ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2.യൂണിറ്റ് 1 ന് 2500 വിലയുള്ള, 3.14-0.35-0.35-0.50-0.19M3 സ്പെസിഫിക്കേഷനുള്ള റിംഗ് കമ്പോസ്റ്റാണ് കരാർ പ്രകാരം വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ വാല്യുവേഷൻ പ്രകാരം വിതരണം ചെയ്തിട്ടുള്ള റിംഗ് കമ്പോസ്റ്റിന്റെ സ്പെസിഫിക്കേഷൻ 3.14-0.26-0.26-0.48-0.10M3 മാത്രമാണ്. പ്രസ്തുത സ്പെസിഫിക്കേഷനുള്ള റിംഗ് കമ്പോസ്റ്റിന്റെ വില 1315.79 രൂപയാണെന്നും വാല്യുവേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം പരിശോധനക്ക് ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം 263158 രൂപയുടെ (1315.79X200) റിംഗ് കമ്പോസ്റ്റ് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി 172 റിംഗ് കമ്പോസ്റ്റ് വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 236842 രൂപ (500000-263158) തടസ്സപ്പെടുത്തുന്നു.

ഇപ്രകാരം കരാറിൽ നിന്നും വ്യതിചലിച്ച് നിലവാരം കുറഞ്ഞ സ്പെസിഫിക്കേഷനിലുള്ള റിംഗ് കമ്പോസ്റ്റ് വിതരണം നടത്തിയതിന് കരാറുക്കാരനെതിരെ നിയമനടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത പദ്ധതി നടത്തിപ്പിലെ ലക്ഷ്യം കൈവരിച്ചതിന്റെ വിവരം പരിശോധിക്കുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-22 മത്സ്യബന്ധനമേഖലയിൽ പദ്ധതി നടത്തിപ്പ് ഫലപ്രദമല്ല.

ഗ്രാമ പഞ്ചായത്തിലെ 9,10,11,12.17 എന്നീ വാർഡുകൾ പൂർണ്ണമായും 14,15 വാർഡ് ഭാഗികമായും തീരപ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. ഈ പ്രദേശങ്ങളിലുള്ള 307 പേർ മത്സ്യതൊഴിലാകളായി രജിസ്റ്റർ ചെയ്തിട്ടുള്ളവരാണ്.ഇതിന് പുറമെ 6,7 വാർഡുകളിൽ ഉൾനാടൻ മേഖലയിൽ 70 മത്സ്യത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2015-16, 2016-17 വർഷങ്ങളിൽ മത്സ്യബന്ധനമേഖലയിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. 2017-18 വർഷം പ്രസ്തുത മേഖലയിൽ താഴെ കൊടുത്ത പ്രകാരം രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ടിന്റെ പേര് | പ്രൊജക്ട് നമ്പർ | ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക | ആനുകൂല്യം ലഭിച്ചഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| മത്സ്യബന്ധനത്തിനുള്ള വല | 168/2018 | 25000 | 5 |
| മത്സ്യബന്ധനത്തിനുള്ള വള്ളം/ഡിങ്കി | 169/2018 | 195000 | 10 |

മത്സ്യതൊഴിലാളികളുടേയും അവരുടെ കുടുംബത്തിന്റേയും സമഗ്ര ഉന്നമനത്തിനായി ഗ്രാമപഞ്ചായത്ത് ശ്രദ്ധേയമായ പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.1994 ലെകേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1)-ാം വകുപ്പ് പ്രകാരം മത്സ്യവിപണനത്തിനുള്ള സഹായം നൽകുക, മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക, മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക, മീൻ പിടുത്തത്തിനുള്ള ഉപകരണങ്ങൾ നൽകുക, മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക തുടങ്ങിയവയെല്ലാം ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. പ്രസ്തുത ചുമതലയിൽപെട്ട മീൻപിടുത്തതിനുള്ള ഉപകരണങ്ങൾ നൽകുക എന്നത് മാത്രമാണ് ഗ്രാമപഞ്ചായത്ത് 2017-18 ൽ നടപ്പിലാക്കിയിട്ടുള്ളത്.

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി ഗ്രാമ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. മത്സ്യതൊഴിലാളികൾക്ക് മെച്ചപ്പെട്ട ആവാസവ്യവസ്ഥ, തൊഴിൽ സാഹചര്യം, വിദ്യാഭ്യാസം എന്നിവ സാധ്യമാക്കി ആ വിഭാഗത്തിന്റെ സാമൂഹികമായും സാമ്പത്തികമായുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക എന്നത് പഞ്ചായത്തിന്റെ വികസനസമീപനമായിരിക്കണം. ആയതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്, ജനപ്രധിനിധികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-23 ബിറ്റുമിൻ വാങ്ങിനൽകൽ - കരാറുകാരിൽ നിന്നും വാരിയേഷൻ കോസ്റ്റ് ഈടാക്കിയതിൽ കുറവ് , 29081 രൂപയുടെ നഷ്ടം

2017-18- ൽ സ്പിൽ ഓവർ പ്രവൃത്തികളായി നടപ്പിലാക്കിയ റോഡ് താറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ, എമൽഷൻ എന്നിവ കരാറുകാർക്ക് വാങ്ങി നൽകുകയായിരുന്നു. 2017-18- ൽ സ്പിൽ ഓവർ പ്രവൃത്തികളായി പൂർത്തിയാക്കിയ പ്രൊജക്ടുകൾക്ക് വാങ്ങി നൽകിയ ബിറ്റുമിൻ, എമൽഷൻ എന്നിവയുടെ വില കരാറുകാരിൽ നിന്ന് റിക്കവറി ചെയ്തത് എസ്റ്റിമേറ്റിൽ ബിറ്റുമിന് ഉൾപ്പെടുത്തിയ 10% ഓവർഹെഡ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഒഴിവാക്കിയാണ്. ഗ്രാമപഞ്ചായത്ത് ബിറ്റുമിൻ, എമൽഷൻ വാങ്ങി നൽകിയതിനാൽ എസ്റ്റിമേറ്റിൽ ബിറ്റുമിൻ വിലയോടൊപ്പമുള്ള 10% ഓവർഹെഡ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കരാറുകാർക്ക് അനുവദനീയമല്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ബിറ്റുമിൻ വില കണക്കാക്കിയ വിധം

| ബിറ്റുമിൻ ഇനം | VG-30 (156 kg ബാരലിന്) | RS-1 (182 kg ബാരലിന്) | SS1 (182 kg ബാരലിന്) |
|---|---|---|---|
| എസ്റ്റിമേറ്റ് പ്രകാരമുള്ള വില (10% ഓവർഹെഡ് ചാർജ്ജും10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടെ) | 6223.90 | 7588.09 | 7928.14 |
| വേരിയേഷൻ കോസ്റ്റ് കുറവ് ചെയ്യുന്നതിന് കണക്കാക്കിയ തുക (10% ഓവർഹെഡ് ചാർജ്ജും10% കോൺട്രാക്ടറുടെ ലാഭവും ഒഴികെ) | 5143.72 | 6271.45 | 6552.18 |
| വാങ്ങിയവില | 5397.68 | 6767.82 | 12043.04 |
| വ്യത്യാസം | 826.22 | 820.27 | 4114.9 |
| കരാറുകാരിൽനിന്ന് ഈടാക്കിയത് | 253.96 | 496.37 | 5490.86 |
| കുറവ് | 572.26 | 323.90 | (-)1375.96 |

കരാറുകാർക്ക് അധികം നൽകിയ തുകയുടെ വിവരം

| പ്രോജക്ട് നമ്പർ, പേര്, | കരാറ്കാരന്റെ പേര് | വൗച്ചർ നമ്പർ,തീയ്യതി | കരാറുകാരന് നൽകിയ | ബില്ലിൽ നിന്നും | ബിറ്റുമിൻ വില ഈടാക്കിയതിലെ കുറവ് | ആകെ കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ബിറ്റുമിൻ/എമൽഷൻ ബാരലുകളുടെ എണ്ണം | തിരിച്ചു പിടിച്ച ബിറ്റുമിൻ വില | | തുക |
| 72/16-17 മടക്കര സൗത്ത് സാന്ദ്രി മസ്ജിദ് കപ്പാലം റോഡ് അറ്റകുറ്റപ്പണി. | കുഞ്ഞഹമ്മദ്.കെ | 45/17-18, 6-3-18 199643 | VG30-4.78 RS1- 0.48 SS1- 0.98 | 6833 | 4.78 * 572.26 = 2735.40 0.48 * 323.90 = 155.47 0.98 *-1375.96 = -1348.44 (2735.40+155.47-1348.44) | 1542.43 |
| 73/16-17 സെൻട്രൽ ജുമ മസ്ജിദ് വളപട്ടണംചാൽ ബീച്ച് റോഡ് അറ്റകുറ്റപ്പണി. | ഷിഹാബ്.കെ | 10/17-18 28-6-17 299110 | VG30-6.87 RS1- 0.65 SS1- 0.98 | 7448 | 6.87 * 572.26 = 3931.42 0.65 * 323.90 = 210.53 0.98 *-1375.96 = -1348.44 (3931.42+210.53-1348.44) | 2793.51 |
| 74/16-17 മാട്ടൂൽ മിനി സ്റ്റേഡിയം റോഡ് അറ്റകുറ്റപ്പണി. | സിദ്ദിക്ക് അമീർ അലി | 11/17-18 28-6-17 431441 | VG30-8.66 RS1- 0.89 SS1- 1.96 | 13403 | 8.66 * 572.26 = 4955.77 0.89 * 323.90 = 288.27 1.96 *-1375.96 = - 2696.88 (4955.77+288.27-2696.88) | 2547.16 |
| 75/16-17 M.CR.B അയാർക്ക തോട് റോഡ് അറ്റകുറ്റപണി | സിദ്ദിക്ക് അമീർ അലി | 12/17-18 28-6-17 299376 | VG30-6.69 RS1- 0.62 SS1- 1.07 | 7882 | 6.69 * 572.26 = 3828.42 0.62 * 323.90 = 200.82 1.07 * -1375.96 = - 1472.28 (3828.42+200.82-1472.28) | 2556.96 |
| 78/16-17ജസിന്ത കളരി റോഡ് അറ്റകുറ്റപണി | അമീർ.എം | 8/17-18 19-6-17 377710 | VG30-5.50 RS1- 0.60 SS1- 1.75 | 11304 | 5.50 * 572.26 = 3147.43 0.60 * 323.90 = 194.34 1.75 *-1375 .96= - 2407.93 (3147.43+194.34-2407.93) | 933.84 |
| 79/16-17 ആറുതെങ്ങ്കടവ് സി.എം.എൽ.പി സ്കൂൾ റോഡ് അറ്റകുറ്റപണി | അമീർ.എം | 7/17-18 19-6-17 449053 | VG30-9.37 RS1- 0.89 SS1- 1.68 | 12039 | 9.37 * 572.26 = 5362.08 0.89 * 323.90 = 288.27 1.68 *-1375 .96= - 2311.61 (5362.08+288.27-2311.61) | 3338.74 |

| | | | | | | |
|---|---|---|---|---|---|---|
| 80/16-17 ഒളിയങ്കര ബീച്ച് റോഡ് അറ്റകുറ്റപണി. | സിദ്ദിക്ക് അമീർ അലി | 13/17-18<br>28-6-17<br>349734 | VG30-12.26<br>RS1- 1.02<br>SS1- .76 | 7793 | 12.26 * 572.26 = 7015.91<br>1.02 * 323.90 = 330.38<br>0.76 *-1375 .96= - 1045.73<br>(7015.91+330.38-1045.73) | 6300.56 |
| 81/16-17 ഹയർ സെക്കന്ററി സ്കൂൾ റോഡ് അറ്റകുറ്റപണി. | അമീർ.എം | 6/17-18<br>19-6-17<br>199958 | VG30-5.86<br>RS1- 0.51<br>SS1-0. 56 | 4816 | 5.86* 572.26 = 3353.44<br>0.51* 323.90 = 165.19<br>0.56 *-1375 .96= - 770.54<br>(3353.44+165.19-770.54) | 2748.09 |
| 82/16-17 ജസിന്ത ബീച്ച് റോഡ് അറ്റകുറ്റപണി. | കുഞ്ഞഹമ്മദ്.കെ | 21/17-18<br>4-7-17<br>199952 | VG30-5.86<br>RS1- 0.51<br>SS1-0. 56 | 4816 | 5.86* 572.26 = 3353.44<br>0.51* 323.90 = 165.19<br>0.56 *-1375 .96= - 770.54<br>(3353.44+165.19-770.54) | 2748.09 |
| 86/16-17<br>തെക്കുമ്പാട് പോസ്റ്റോഫീസ് റോഡ് റീടാറിംഗ് | സിദ്ദിക്ക് അമീർ അലി | 14/17-18<br>28-6-17<br>219310 | VG30-7.17<br>RS1- 0.61<br>SS1-0.53 | 5054 | 7.17* 572.26 = 4103.10<br>0.61 * 323.90 = 197.58<br>0.53 *-1375 .96= - 729.26<br>(4103.10+197.58-729.26) | 3571.42 |
| ആകെ കുറവ് | | | | | | 29080.82<br>rounded to<br>29081 |

കരാറുകാർക്ക് അധികം നൽകിയ 29081 രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-24** <u>പദ്ധതി മാർഗ്ഗ രേഖയുടെ ലംഘനം- റോഡ് നിർമ്മാണ പ്രവൃത്തികളുടെ മൺപണി , മെറ്റലിംഗ് തൊഴിലുറപ്പ് ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല</u>

2017-18 വാർഷിക പദ്ധതി മാർഗ്ഗരേഖയിലെ ( ജി.ഒ.(എം.എസ്) നം.72/2017/തസ്വഭവ, തീയ്യതി. 29-03-2017) ഖണ്ഡിക 12.10(2) റോഡ് നിർമ്മാണ പ്രോജക്കുകളിൽ മൺപണി, മെറ്റലിംഗ് എന്നിവയുടെ ചെലവ് തൊഴിലുറപ്പ് പദ്ധതിയിലും ടാറിംഗ് ഉൾപ്പെടെയുള്ള മറ്റ് പ്രവൃത്തികൾ

വികസന ഫണ്ട് ഉപയോഗിച്ചും ചെയ്യുന്ന വിധത്തിലായിരിക്കണം വിഭാവനം ചെയ്യേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പട്ടികയിൽ കൊടുത്ത റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്ര.ന | പ്രോജക്റ്റിന്റെ പേര്, നമ്പർ, കരാറുകാരൻ, എം-ബുക്ക് | തുക |
|---|---|---|
| 1 | മാട്ടൂൽ പള്ളി പൊൻമാണിച്ചി തോട് റോഡ് സോളിംഗ്<br>132/17,<br>സദാശിവൻ.സി.പി, എം-ബുക്ക് 34/16-17<br>വൗച്ചർ നമ്പർ. 25/17-18/15-7-17 | 181666 |
| 2 | സിദ്ദിഖാബാദ് - അംബേദ്കർ കോളനി റോഡ് നിർമ്മാണവും സോളിംഗും<br>109/17<br>സദാശിവൻ.സി.പി, എം-ബുക്ക് 15/16-17<br>വൗച്ചർ നമ്പർ. 24/17-18/15-7-17 | 174032 |
| 3 | ആർ.സി.ചർച്ച്-ബീച്ച് റോഡ് ടാറിംഗ്,സോളിംഗ്, മണ്ണ് പ്രവൃത്തികൾ<br>97/17<br>ഷിഹാബ്.കെ, എം-ബുക്ക് 26/16-17<br>വൗച്ചർ നമ്പർ. 22/17-18/6-7-17 | 264359 |
| 4 | ഗ്രാന്റ് കപ്പാലം റോഡ് സോളിംഗ്, 97/17<br>രാജൻ ഇ.വി, എം-ബുക്ക് 25/16-17<br>വൗച്ചർ നമ്പർ. 26/17-18/15-7-17 | 187812 |
| 5 | പഞ്ചായത്ത് കാര്യാലയം- നൂരിയാ മസ്ജിദ് റോഡ് നിർമ്മാണവും ക്രോസ്സ് ഡ്രെയിൻ നിർമ്മാണവും.<br>98/17<br>ഷിഹാബ്.കെ, എം-ബുക്ക് 25/16-17<br>വൗച്ചർ നമ്പർ. 31/17-18/11-10-17 | 93753 |
| 6 | തെക്കുമ്പാട് വടക്ക ഭാഗം തീരദേശ റോഡ് നിർമ്മാണം<br>100/16-17<br>ഷിഹാബ്.കെ, എം-ബുക്ക് 07/16-17<br>വൗച്ചർ നമ്പർ. 33/17-18/30-11-170 | 252345 |

പദ്ധതി മാർഗ്ഗരേഖ നിഷ്കർഷിക്കും പ്രകാരം പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-25 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 25അങ്കണവാടികൾ പ്രവർത്തിച്ച വരുന്നുണ്ട്. 25 അങ്കണവാടികളിലായി 520 കുട്ടികൾ ഉണ്ട്. സ്വന്തമായി കെട്ടിടങ്ങൾ ഉള്ള 14 എണ്ണവും വാടക കെട്ടിടത്തിൽ 9 എണ്ണവും, വാടക രഹിത കെട്ടിടത്തിൽ 2 എണ്ണവും പ്രവർത്തിച്ച വരുന്നുണ്ട്. 25 അങ്കണവാടികളിലായി രജിസ്റ്റർ ചെയ്ത കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ തുടങ്ങിയവരുടെ വിവരം പട്ടികയിൽ കൊടുക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം<br>( 2017 ഏപ്രിൽ മുതൽ-2018 മാർച്ച് വരെ) | | |
|---|---|---|
| ഗുണഭോക്താക്കളുടെ വിവരങ്ങൾ | രജിസ്റ്റർ ചെയ്തത് (എണ്ണം) | ആനുകൂല്യം നൽകിയത്<br>(എണ്ണം) |
| 6മാസം മുതൽ 3വയസുവരെ പ്രായമുള്ള കുട്ടികൾ | 329 | 329 |
| 3വയസു മുതൽ 6വയസുവരെ പ്രായമുള്ള കുട്ടികൾ | 520 | 520 |
| ഗർഭിണികൾ, | 173 | 173 |
| മുലയൂട്ടുന്ന അമ്മമാർ, | 110 | 110 |
| കൗമാരപ്രായക്കാരായ പെൺകുട്ടികൾ | 48 | 48 |

ആകെ 1180 ഗുണഭോക്താക്കൾ നിത്യേന ആശ്രയിക്കുന്ന അങ്കണവാടികളുടെ പശ്ചാത്തല സൗകര്യം പരിമിതമാണ്. മതിയായ പശ്ചാത്തല സൗകര്യം ഇല്ലാത്ത അങ്കണവാടികളുടെ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്ര.ന | പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം | അങ്കണവാടി സെന്റർ നമ്പർ |
|---|---|---|
| 1 | സ്വന്തം കെട്ടിടം ഇല്ലാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾ (9എണ്ണം) | 56,57,60,65,67,69,70,72,77 |
| 2 | സ്വന്തം കെട്ടിടം ഇല്ലാത്തതും വാടക രഹിതകെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾ (2എണ്ണം) | 61,63 |

| | | |
|---|---|---|
| 3 | വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികളുടെ വിവരം (3എണ്ണം) | 56,64,71, |
| 4 | ടോയിലറ്റ് സൗകര്യം ഇല്ലാത്ത അങ്കണവാടിൾ (5എണ്ണം) | 56,57,67,70,71 |
| 5 | ശിശു സൗഹൃദ ടോയിലറ്റ് സൗകര്യമുള്ള അങ്കണവാടിൾ | 53,73,74 |
| 6 | ഗ്യാസ് കണക്ഷൻ സൗകര്യം ഇല്ലാത്ത അങ്കണവാടിൾ (6എണ്ണം) | 56,57,60,61,67,70 |
| 7 | ചുറ്റമതിൽ ഇല്ലാത്ത അങ്കണവാടികൾ (7എണ്ണം) | 53,55,58,59,62,68,73 |
| 8 | കുടിവെള്ള സൗകര്യം ഇല്ലാത്തവ | 56,57,70 |

അങ്കണവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 187500 | നെൽകൃഷിക്ക് വിത്ത് കൂലിച്ചലവ് | 187500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 55000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 55000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ബഡ്സ് സ്കൂൾ പ്രവർത്തനം | 193230 | 6770 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1000000 | അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ നവീകരണം | 0 | 1000000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 121600 | 78400 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ബഡ്സ് സ്കൂൾ പ്രവർത്തനം | 46425 | 153575 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഡാർണിഷ് കടവ് റോഡിന് സ്ട്രീറ്റ് ലൈൻ വലിക്കൽ | 25/2017-18 12-01-2018 | 131930 | 131930 | 0 |
| കെ.എസ്.ഇ.ബി | മടക്കര ജാം റോഡിന് സ്ട്രീറ്റ് ലൈൻ വലിക്കൽ | 23/2017-18 12-01-2018 | 28210 | 33740 | 0 |
| കെ.എസ്.ഇ.ബി | മടക്കര സൗത്ത് സ്രാമ്പി പള്ളി റോഡിന് സ്ട്രീറ്റ് ലൈൻ വലിക്കൽ | 24/17-18 12-01-2018 | 106120 | 106120 | 0 |
| കെ.എസ്.ഇ.ബി | മടക്കര സിഎച്ച് റോഡിന് സ്ട്രീറ്റ് ലൈൻ വലിക്കൽ | | 28210 | 28210 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പുതിയ ഭവന പദ്ധതി ( മാടായി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ്. | 75894/ഡി.ബി1/12 തസ്വഭവ. തീയ്യതി. 15/3/2018 | 4680000 | 3410000 | 500000 | 1350782 | 2910000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 150രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 2003-04 | 2-1 | 150 | പവിത്രൻ വി പി | 117030105329/ 16-01-2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2001-2002 | 8 | 2003-2004 | 3-13 ൽ 16 ന് ശേഷമുള്ള മറ്റ് പരാമർശങ്ങൾ | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 56037701.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58503907.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 79236 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1187895 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-13 | | 5289 | സി പി പ്രകാശൻ ,ഹെഡ്മാസ്റ്റർ |

| | | | |
|---|---|---|---|
| 3-14 | | 44866 | വാഹീദ കെ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-23 | | 27538 | വാഹീദ കെ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-23 | | 1543 | പുഷ്പജൻ സികെ,അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 79236 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 114000 | പി ശശി, സെക്രട്ടറി |
| 3-1 | 11200 | ശിവദാസൻ കെ,അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറിയുടെ അധികചുമതല) |
| 3-5 | 297600 | പി ശശി, സെക്രട്ടറി |
| 3-6 | 249693 | ശ്രീ ശിവദാസൻ കെ ( അസിസ്റ്റന് സെക്രട്ടറി- സെക്രട്ടറിയുടെ അധിക ചുമതല) |
| 3-6 | 76800 | പി ശശി,സെക്രട്ടറി |
| 3-7 | 52200 | ശ്രീ ശിവദാസൻ കെ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 23360 | പി ശശി ,സെക്രട്ടറി |
| 3-20 | 126200 | ശ്രീ ശിവദാസൻ കെ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-21 | 236842 | ജിതേഷ് കെ പി ,വി ഇ ഒ |
| ആകെ | 1187895 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി പി പ്രകാശൻ ,ഹെഡ്മാസ്റ്റർ | ഹെഡ് മാസ്റ്റർ ജി എം യു പി എസ് തെക്കുമ്പാട് | പ്രണവം<br>പി ഒ ഇരിണാവ്<br>ചെറുകുന്ന്<br>കണ്ണൂർ |
| വാഹീദ കെ,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,എൽ എസ് ജി ഡി സെക്ഷൻ പടന്ന | ദാറുൽ ഹറാ,കൊക്കക്കടവ്<br>എടച്ചാക്കൈ പിഒ<br>പടന്ന<br>കാസർഗോഡ് |
| പുഷ്പജൻ സികെ,അസിസ്റ്റന്റ് എഞ്ചിനീയർ(താത്കാലികം) | സേവനത്തിൽ നിന്നും വിരമിച്ചു | പൗർണ്ണമി എരിപുരം പിഒ<br>പഴയങ്ങാടി |
| പി.ശശി,<br>സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ചു | തുളസീദളം ,<br>പിലാത്തറ |
| കെ ശിവദാസൻ<br>അസിസ്റ്റന്റ് സെക്രട്ടറി | കോയോൻ ഹൗസ്,<br>ഏഴോം | അസിസ്റ്റന്റ് സെക്രട്ടറി,<br>മാട്ടൂൽ ഗ്രാമ പഞ്ചായത്ത് |
| ജിതേഷ് കെ പി<br>വി.ഇ.ഒ | കോടക്കൽ പുതിയവീട് ,<br>കണ്ടംകുളങ്ങര,<br>കുഞ്ഞിമംഗലം പി.ഒ | വി.ഇ.ഒ മാട്ടൂൽ ഗ്രാമ പഞ്ചായത്ത് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 5 |
| 2000-01 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 1 |

| | | |
|---|---|---|
| 2001-02 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 2 |
| 2002-03 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 1 |
| 2003-04 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 2 |
| 2004-05 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 3 |
| 2005-06 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 5 |
| 2006-07 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 6 |
| 2007-08 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 14 |
| 2008-09 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 10 |
| 2009-10 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 21 |
| 2010-11, 2011-12 | എൽ എഫ്/കെ.എൻ.ആർ/സി2/143/2018 തീയതി. | 22 |
| 2012-13, 2013-14 | കെ.എസ്.എ/കെ.എൻ.ആർ/സി2/2103/2 തീയതി. 15-4-18 | 23 |
| 2014-2015 | കെ.എസ്.എ/കെ.എൻ.ആർ/സി2/2103/2017 തീയതി. 15-4-18 | 23 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി2/2103/2 തീയതി. 15-4-18 | 25 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർസി2-2103/17,തീയ്യതി-5-4-2018 | 27 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.2/2065/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 01.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF MATTOOL GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 7573168.40 |

| | | | |
|---|---|---|---|
| | Cash | RP-40(a) | 18954.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 909520.00 |
| 140000000 | Fees & User Charges | RP-4 | 904612 |
| 150000000 | Sale & Hire Charges | RP-5 | 1754516.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 31230092.00 |
| 171000000 | Interest Earned | RP-9 | 248080.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4911611.00 |
| 350000000 | Other Liabilities | RP-36 | 10679363.00 |
| Non operating | | | |
| 340000000 | Deposits Received | RP-34 | 294913.00 |
| 180000000 | Other Income | RP-10 | 10704.00 |
| 311000000 | Earmarked Fund | RP-29 | 0.00 |
| 350000000 | Other Liabilities | RP-36 | 1956404.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4003228.00 |
| 460000000 | Loans,Advances and Deposits | RP-47 | 427725.00 |
| Grand Total | | | 63629823.40 |
| | Payments | | |
| Operating | | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 3,639,529.00 |
| 220000000 | Administrative Expenses | RP-12 | 1,150,583.00 |
| 230000000 | Operations & Maintenance | RP-13 | 1,998,837.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3,626,210.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 9,171,087.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1,233,736.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 523,851.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 184,480.00 |
| 255000000 | Maintance Projects | RP-20 | 5,809,171.00 |
| 256000000 | Other Revenue Grants and Funds -Revenue Expenses | RP-21 | 0.00 |
| 256000000 | Grants contributions and compensations from own fund | RP-22 | 1,52,560.00 |
| 280000000 | Prior Perid Items | RP-26 | -4,760.00 |
| 330000000 | Secured Loan | RP-32 | 500000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.00 |
| 350000000 | Othes Liabilities | RP-36 | 14,421,571.00 |
| Non Operating | | | |

| | | | |
|---|---|---|---|
| 240000000 | Interest and Finance Charges | RP-14 | 1,351,938.00 |
| 280000000 | Prior Period Item | RP-26 | 0.00 |
| 340000000 | Deposits Received | RP-34 | 294,913.00 |
| 350000000 | Other Liabilities | RP-36 | 1,956,404.00 |
| 410000000 | Fixed Assets | RP-38 | 5,355,985.00 |
| 412000000 | Capital Work in progress | RP-40 | 6,612,135.00 |
| 460000000 | Loans, Advances and Deposits | RP-47 | 5,25,677.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 5,088,185.40<br>37,731.00 |
| Grand Total | | | 63,629,823.40 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF MATTOOL GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3,944,362.00 |
| 130000000 | Rental Income from panchayat properties | I-3 | 35,268.00 |
| 140000000 | Fees & User Charges | I-4(b) | 996,842.00 |
| 150000000 | Sale & Hire Charges | I-5(b) | 1,754,516.00 |
| 160000000 | Revenue Grants, Funds, Contributions and | I-6 | 58,105,291.00 |

| | | | |
|---|---|---|---|
| | Compensations | | |
| 171000000 | Interest Earned | I-8 | 248,080.00 |
| 180000000 | Other Income | I-9 | 10,704.00 |
| A | Total Income | | 65,095,063 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9,498,115.05 |
| 220000000 | Administrative Expenses | I-11(b) | 1,150,583.00 |
| 230000000 | Operations & Maintenance | I-12(b) | 1,998,837.00 |
| 240000000 | Interest & Finance Charges | I-13 | 1,351,938.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 6,510,025.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 9,440,669.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1,243,776.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 523,851.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 28,598,281.00 |
| 255000000 | Maintance Projects | I-14(e) | 5,809,171.00 |
| 200000000 | Grants,Contributions and Compensations from Own Fund | I-15 | 152,560.00 |
| 272000000 | Depreciation | I-17(a) | 2,244,542.00 |

| | | | |
|---|---|---|---|
| B | Total Expenditure | | 68,552,348.05 |
| C=A-B | Gross Surplus / Defict Income over Expenditure | | (3,427,285.05) |
| D= 280000000 | Prior Period Item | I-18 | 239,496.00 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (3,666,781.05) |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF MATTOOL GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 5972713.40 |
| 311000000 | Earmarked Funds -Special Funds/Sinking Fund/Trust orAgency Fund | B-2 | 0.00 |
| 312000000 | Reserves | B-3 | 29810135.00 |
| | Total Reserve & Surplus | | 35782848.40 |

| | | | |
|---|---|---|---|
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 3964859.25 |
| | Total Grants,Contribution for specific purposes | | 3964859.25 |
| | Loans | | |
| 330000000 | Secured Loans | B-5 | 2910000.00 |
| | Total Loans | | 2910000.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 617267.00 |
| 350000000 | Other Liabilities | B-9 | 2379085.75 |
| | Total Current Liabilities and Provisions | | 2996352.75 |
| | TOTAL LIABILITIES | | 45654060.40 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 42719576.00 |
| 411000000 | Accumulated Depreciation | B-11 | (5645100.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 37074476.00 |
| | Investments | | |
| 420000000 | Investments | B-12 | 10000.00 |

| | | | |
|---|---|---|---|
| | Total Investments | | 10000.00 |
| | Current Assets,Loans and Advances | | |
| 430000000 | stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 0.00 |
| 440000000 | Pre-paid Expenses | B-16 | 2910000.00 |
| 450000000 | Cash and Bank balance | B-17 | 5125916.40 |
| 460000000 | Loans, Advances and Deposits | B-18 | 533668.00 |
| | Total Current Assets,Loans and Advances | | 8569584.40 |
| | TOTAL ASSETS | | 45654060.40 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.